ജീവദീപ്തി

jeevadeepthi@gmail.com

March 2019 Book 03 Vol 09

നാല്പതു ദിനങ്ങൾ...

എഡിറ്റോറിയൽ

കാരുണ്യക്കണ്ണിലൂടെ നാൽപ്പതു ദിവസം

ഫാ. ജെൻസൺ ലിവേര

വിശുദ്ധമായ നാൽപ്പതു ദിനരാത്രങ്ങൾ. ഈ നാൽപ്പതു ദിനരാത്രങ്ങളെ ഞാൻ കാരുണ്യത്തിന്റെ വിശുദ്ധ ദിനങ്ങൾ എന്നു വിളിക്കുന്നു.

കാരുണ്യം എങ്ങനെ ഒഴുകിയെത്തുമെന്ന് ഹൃദയത്തിൽ തട്ടും വിധം 'മെർച്ചന്റ് ഓഫ് വെനീസ്' എന്ന നാടകത്തിൽ പോർഷ്യയെക്കൊണ്ട് ഷേക്സ്പിയർ പറയിക്കുന്നു:

"'അതിനിഷ്ഠൂരനും കൊള്ളപ്പലിശക്കാരനുമാണ് ഷൈലോക്ക്. അയാളിൽനിന്നു പണം കടം വാങ്ങിയ ബസാനിയോയ്ക്ക് സമയത്തു കടം വീട്ടാൻ കഴിയുന്നില്ല. അങ്ങനെ വന്നാൽ, തന്റെ ശരീരത്തിൽ ഷൈലോക്കിന് ഇഷ്ടപ്പെട്ട ഭാഗത്തുനിന്ന് ഒരു പൗണ്ട് മാംസം മുറിച്ചെടുക്കാമെന്ന് സുഹൃത്തായ അന്റോണിയോ ജാമ്യക്കരാറുണ്ടാക്കിയിരുന്നു. കൂടുതൽ പണം തിരികെ നൽകാമെന്നു പറഞ്ഞിട്ടും, മുൻ വൈരാഗ്യമുള്ള ഷൈലോക്ക് മാംസം കിട്ടിയേ തീരൂ എന്ന് ശഠിച്ച്, കത്തിക്ക് മൂർച്ച കൂട്ടുന്നു. ആൺ വക്കീലിന്റെ വേഷം കെട്ടിയ പോർഷ്യയെന്ന യുവതി അന്റോണിയോയെ സഹായിക്കാനെത്തുന്നു. നിയമം പറഞ്ഞു വാദിച്ചു ജയിക്കാനാവില്ലെന്നു നിശ്ചയദാർഢ്യമുള്ള പോർഷ്യ, ഷൈലോക്കിന്റെ കാരുണ്യത്തിന് അപേക്ഷിക്കുന്ന തന്ത്രമെടുക്കുന്നു. ഞാനെന്തിനു കരുണ കാട്ടണമെന്നു ചോദിക്കുന്ന ഷൈലോക്കിനുള്ള മറുപടിയാണ് അനശ്വരമായി തീർന്നത്.

"നിർബന്ധിച്ചോ ബലം പ്രയോഗിച്ചോ വരുത്തേണ്ടതല്ല കാരുണ്യം. ആകാശത്തു നിന്നു സൗമ്യമായി ഭൂമിയിലേക്കു പെയ്തു വീഴുന്ന മഴപോലെ സ്വാഭാവികമായി ഒഴുകിയെത്തണം. കരുണ കാട്ടുന്നയാളും, കിട്ടുന്നയാളും ഇതുവഴി ധന്യരാകുന്നു."

കാരുണ്യം ചൊരിയാൻ നിരവധി വഴികൾ ഉണ്ട്. സ്വയം അനുഭവിക്കുന്ന സമൃദ്ധിയുടെ ആധിക്യത്താൽ പലർക്കും കാരുണ്യം, എപ്പോൾ, എവിടെ, ആർക്ക് ചെയ്തുകൊടുക്കണം എന്ന് അറിയാത്ത അവസ്ഥയാണിന്ന്. എന്നാൽ നമ്മുടെ നിത്യജീവിതത്തിൽ കാരുണ്യസ്പർശം ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്തവർ ആരാണുള്ളത്?.

തലനാരിഴ കീറുന്ന നിയമത്തേക്കാൾ നല്ല ഫലം നൽകുന്നത് കാരുണ്യമാണെന്ന് എബ്രഹാം ലിങ്കൺ. മാപ്പു പറയുവാനും, സ്വീകരിക്കുവാനും തയ്യാറുള്ള ലോകത്ത് പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ ഉണ്ടാകുകയില്ല. റഷ്യയിൽ ജനിച്ച് അമേരിക്കയിലെത്തി ഭ്രമകൽപ്പനകൾ എഴുതി (ഫാന്റസി) പ്രസിദ്ധനായ നസാരിയൻ രസകരമായി പറഞ്ഞു: "ബുദ്ധിശക്തിയും കാരുണ്യവും ചേരുമ്പോൾ വിവേകം ഉണ്ടാകുന്നു. പക്ഷേ അത് പാരമ്യത്തിൽ എത്തുമ്പോൾ കാലതാമസം വരും." ത്യാഗത്തെക്കാൾ മഹത്തരമാണ് കാരുണ്യം.

കാരുണ്യം ചൊരിയാൻ നിരവധി വഴികൾ ഉണ്ട്. സ്വയം അനുഭവിക്കുന്ന സമൃദ്ധിയുടെ ആധിക്യത്താൽ പലർക്കും കാരുണ്യം, എപ്പോൾ, എവിടെ, ആർക്ക് ചെയ്തുകൊടുക്കണം എന്ന് അറിയാത്ത അവസ്ഥയാണിന്ന്. എന്നാൽ നമ്മുടെ നിത്യജീവിതത്തിൽ കാരുണ്യസ്പർശം ഉണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്തവർ ആരാണുള്ളത്?.

കാരുണ്യം ചൊരിയാൻ കാൽച്ചുവട്ടിൽ തന്നെ നിരവധി അവസരങ്ങൾ ഉണ്ടെങ്കിലും പലപ്പോഴും നാം അറിഞ്ഞോ അറിയാതെയോ അത് ശ്രദ്ധിക്കാറില്ല. നിത്യജീവിതത്തിൽ കാരുണ്യം ചൊരിയാനുള്ള ഏതാനും മേഖലകൾ പരിചയപ്പെടുത്തുന്നത് ഈ വഴിയിലേക്ക് നമ്മുടെ ചിന്തകൾ തിരിച്ചുവിടാനും കാരുണ്യം ചൊരിയാനുള്ള അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനും സഹായിക്കും.

കാരുണ്യം പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി അനാഥാലയങ്ങളും അഗതിമന്ദിരങ്ങളും, വൃദ്ധസദനങ്ങളും പതിവായി സന്ദർശിക്കാം.

സമൂഹത്തിലെ ദുർബലർ നമ്മുടെ കാരുണ്യത്തിനായി കാത്തിരിക്കുന്നു; ഒരു പുഞ്ചിരിക്കായി, ഒരു ആശ്വാസ വചനത്തിനായി. ജീവിത തിരക്കിനിടയിൽ അവരോടൊപ്പം ചെലവഴിക്കാൻ അൽപ്പസമയം കണ്ടെത്തുന്നത് മനസ്സിലെ കാരുണ്യത്തിന്റെ ഉറവ വറ്റാതിരിക്കാൻ സഹായകമാവും.

നമ്മുടെ ആദ്യത്തെ കടമയും കടപ്പാടും സ്വന്തം കുടുംബത്തോടും, അയൽക്കാരോടും സ്നേഹിതന്മാരോടും, ആയിരിക്കുക. സഹായം ആവശ്യമുള്ള ധാരാളം പേർ നമുക്കിടയിൽ ഉണ്ട്. ആഹാരം, വസ്ത്രം, ചികിത്സ, ഭവന നിർമ്മാണം, വിവാഹം, വിദ്യാഭ്യാസം, തുടങ്ങി എണ്ണമറ്റ ജീവിതാവശ്യങ്ങൾക്കായി, ഒരിറ്റ് കാരുണ്യത്തിനായി, കൈനീട്ടുന്നവർ നമുക്ക് പുതുമയുള്ള കാര്യമല്ല. ഇത്തരം ആവശ്യങ്ങൾക്കായി സഹായം അഭ്യർത്ഥിക്കുന്ന വ്യക്തിയും സ്ഥാപനങ്ങളും ധാരാളം. നമ്മെക്കൊണ്ട് ഒന്നിനും കഴിയുന്നില്ലെങ്കിൽ ഒരു പുഞ്ചിരി, ഒരു സ്പർശം, ഹൃദ്യമായ സംസാരം... ഇതും കാരുണ്യപ്രകടനത്തിന്റെ ഭാഗംതന്നെ. കേരളീയരായ നാം സാക്ഷരതകൊണ്ട് സമ്പന്നരാണെങ്കിൽ കാരുണ്യത്തിന്റെ വൈകാരികഭാഷകൊണ്ട് സഹജീവികളോട് സംവദിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്.

നമ്മുടെ കാരുണ്യം അവശ്യം ആവശ്യമായ മറ്റൊരു മേഖലയാണ് പരിസ്ഥിതിയും മൃഗങ്ങളും. മുതലാളിത്ത സംസ്കാരത്തിന്റെ യുദ്ധോത്സുക വികസന ത്വരയുടെ ഫലമായി നാം ജീവിക്കുന്ന പ്രകൃതി നശിച്ചുകൊണ്ടിരിക്കുകയാണല്ലോ. അനേകം ജീവജാലങ്ങൾ മനുഷ്യന്റെ അതിക്രമഫലമായി ഇല്ലാതായി. മനുഷ്യാവകാശങ്ങൾക്ക് എന്നതുപോലെ മൃഗങ്ങളുടെ, പരിസ്ഥിതിയുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതും കാരുണ്യപ്രവർത്തനങ്ങൾ തന്നെയാണ്.

ചുരുക്കത്തിൽ എല്ലാവർക്കും ആവശ്യമുള്ളതും എന്നാൽ എല്ലാവരും പരസ്പരം നൽകേണ്ടതുമായ അടിസ്ഥാനപരമായ ഒരു മാനുഷിക ഗുണമാണ് കാരുണ്യം. കാരുണ്യം ചൊരിയാനുള്ള വഴികൾ ഒരിക്കലും പരിമിതപ്പെടുത്തുക സാധ്യമല്ല. അത് കാണുവാനുള്ള കണ്ണ് ഉണ്ടാവണമെന്ന് മാത്രം. എത്രമാത്രം കാരുണ്യം മറ്റുള്ളവരിലേക്ക് ചൊരിയുവാൻ നമുക്ക് കഴിയുന്നുവോ അത്രമാത്രം അത് നമുക്ക് പലവഴിയിലൂടെ തിരിച്ചു ലഭിച്ചുകൊണ്ടേയിരിക്കും, അലംഘനീയമായ ഒരു പ്രകൃതി നിയമം എന്നപോലെ.

കാരുണ്യം ചൊരിയാൻ കാൽച്ചുവട്ടിൽ തന്നെ നിരവധി അവസരങ്ങൾ ഉണ്ടെങ്കിലും പല പ്പോഴും നാം അറിഞ്ഞോ അറിയാതെയോ അത് ശ്രദ്ധിക്കാറില്ല. നിത്യജീവിതത്തിൽ കാരുണ്യം ചൊരിയാനുള്ള ഏതാനും മേഖലകൾ പരിചയപ്പെടുത്തുന്നത് ഈ വഴിയിലേക്ക് നമ്മുടെ ചിന്തകളെ തിരിച്ചുവിടാനും കാരുണ്യം ചൊരിയാനുള്ള അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താനും സഹായിക്കും.

കവിതാചിന്ത; ചിന്താകവിത

പാവം, പാവം പപ്പാ!

ഒരു പോഷ് പുത്തൻ വീടുവെച്ച്
അങ്ങോട്ട് താമസം മാറിയ ശേഷം
ആദ്യമായി ക്ളാസ്സിലെത്തിയ
ഫസ്റ്റ് ബി യിലെ അമൽ
കൂട്ടനോട് കൂട്ടുകാർ വീടിനെ
പറ്റി കൗതുകത്തോടെ തിരക്കി.
അമൽ കൂട്ടൻ വാചാലനായി:

ഉഗ്രൻ വീടാ. ഡ്രോയിങ് റൂം,
ലിവിങ് റൂം, പ്രയർ റൂം, ഡ്രസിങ്
റൂം. എനിക്കും റിനിമോൾക്കും
സെപറേറ്റ് സെപറേറ്റ് റൂം...
പക്ഷേ, ഒരു ചെറിയ സങ്കടം.
പപ്പായ്ക്കുമാത്രം സ്വന്തമായി ഒരു
റൂമില്ല; പാവം, പപ്പാ മമ്മീടെ
മുറിയിൽ കിടക്കണം !

എന്നാറെ, അതുകേട്ട ഒന്നാം
ക്ലാസ് ബി യിലെ കൂട്ടുകാർക്കും
ചെറുതല്ലാത്ത സങ്കടം വന്നു.
മുഖത്ത് ശോകം വാരി പൂശി
അവർ ഒന്നടങ്കം പറഞ്ഞു :

പാവം പപ്പാ!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

ജീവദീപ്തി
JEEVADEEPTHI

March 2019 Vol 09 Book 03

രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ് എഡിറ്റർ
ഫാ. ആന്റണി അറക്കൽ

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. ജോംസൺ തോട്ടുങ്കൽ

സർക്കുലേഷൻ മാനേജേഴ്സ്
ഫാ. ലിജോ ഓടത്തക്കൽ
ഫാ. ജോജി കുത്തുകാട്ട്
ഫാ. മാനുവൽ കുത്തുകാട്ട്

ഗൈഡൻസ്
കപ്പീസ്

രൂപകല്പന
റ്റാബി ജോർജ്

ടൈപ്പ്സെറ്റ്
ASL Computers

ഓഫീസ് ഇൻ ചാർജ്
മാനുവൽ പൊടുത്തോർ
ബ്ര. ഫെബിൻ കിഴവന

പത്രാധിപസമിതി
ഡോ. സ്റ്റീഫൻ ആലത്തറ,
ശ്രീമതി ജൂലിയറ്റ് ഡാനിയേൽ,
അഡ്വ. ഷെറി ജെ. തോമസ്,
ഫാ. സാബു നെടുനിലത്ത്,
ഫാ. ജോളി ജോൺ ഓടത്തക്കൽ,
ഫാ. ഡെന്നി പെരിങ്ങാട്ട്
ജോർജ് പൊറ്റക്കുഴി

ഓഫീസ്
0484- 4010358
jeevadeepthi@gmail.com

08

01

കാരുണ്യക്കണ്ണിലൂടെ

വിശുദ്ധമായ
നാൽപ്പതു ദിനരാത്രങ്ങൾ. ഈ നാൽപ്പതു
ദിനരാത്രങ്ങളെ ഞാൻ കാരുണ്യത്തിന്റെ വിശുദ്ധ ദിനങ്ങൾ
എന്നു വിളിക്കുന്നു.

"'നാല്പതു നാളുകൾ"

നാല്പതു ദിനരാത്രങ്ങൾ നീണ്ടു നിൽക്കുന്ന വലിയ നോമ്പാചരണം അഥവാ തപസ്സിലേക്കു നാം പ്രവേശിക്കുകയാണ്. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്റ്റുൻ സന്ന്യാസികളാണ് ആദ്യമായി നാല്പത് നോമ്പ് ആചരിച്ച് തുട

13

കർത്താവിന്റെ ദിവസം

സർവ്വശക്തനും കരുണാമയനുമായ ദൈവം ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി ആറുദിവസം അദ്ധ്വാനിച്ചു. ഏഴാ

"'നില്ക്കുക, കാണുക, മടങ്ങുക"

നമ്മുടെ ക്രൈസ്തവ ജീവിതത്തിലെ പൊട്ടിയ ഇഴകൾ വീണ്ടും ചേർത്തെടുക്കാനും, നിത്യനൂതനവും ആനന്ദകരവും പ്രത്യാശാനിർഭരവും ആയ പെസഹായെ വര

06

കമ്മ്യൂണിയോ ഇന്ത്യ 18
ചവറുവണ്ടികളെ 22
ആ ചുവന്ന ചരട് 27
പാപ്പായോടൊപ്പം 29
ന്യൂസ് 32
വാട്സ്അപ്പ് 34
സൺഡേ ബ്രേക്ക്ഫാസ്റ്റ് 36
സ്നേഹഭവനം 38
സ്റ്റുഡന്റ്സ് ഫോറം 39
ബൈബിൾ വിചിന്തനം 40

"'നില്ക്കുക, കാണുക, മടങ്ങുക"

നമ്മുടെ ക്രൈസ്തവ ജീവിതത്തിലെ പൊട്ടിയ ഇഴകൾ വീണ്ടും ചേർത്തെടുക്കാനും, നിത്യനൂതനവും ആനന്ദകരവും പ്രത്യാശാനിർഭരവും ആയ പെസഹായെ വരവേൽക്കാനും ഉതകുന്ന കാലമാണ് ഈ നോമ്പ്.

യേശുവിന്റെ സജീവഹൃദയത്തോടു ചേർത്തുവച്ച് നമ്മുടെ ഹൃദയത്തെ ഇനിയും മിടിക്കാൻ അനുവദിക്കേണ്ട കാലം. അതിന് സഹായിക്കുന്ന മൂന്ന് വാക്കുകളാണ്, നിൽക്കുക, കാണുക, മടങ്ങുക.

ഒന്നു നിൽക്കുക. ഉത്കണ്ഠകളെ പിന്നിൽ ഉപേക്ഷിക്കുക; ആത്മാവിൽ നിറയുന്ന തിക്താനുഭവങ്ങളുടെ കോലാഹലങ്ങളെയും. അവ എവിടെയും നമ്മെ എത്തിക്കുന്നില്ലല്ലോ. കുടുംബത്തോടും സ്നേഹിതരോടും മക്കളോടും മുത്തശ്ശീമുത്തച്ഛന്മാരോടും ഒത്ത് ചെലവഴിക്കാനുള്ള സമയം; ദൈവികദാനമായ സമയം; ദൈവത്തോടൊത്ത് കഴിയാനുള്ള സമയം. ഇതിനെയെല്ലാം ശിഥിലമാക്കുന്ന ജീവിതവേഗത്തിന്റെ നിബന്ധനകളിൽനിന്ന് മാറിനിൽക്കാം.

ഒന്നു നിൽക്കുക. ശ്രദ്ധാകേന്ദ്രമായി അരങ്ങ് വാഴാനുള്ള മോഹത്തിന് അവധികൊടുക്കാം.

ഒന്നു നിൽക്കുക. അഹങ്കാരം നിറഞ്ഞ നോട്ടങ്ങളിൽനിന്ന്, ആർദ്രതയെ അവഗണിക്കുന്ന നശ്വരവും അവഹേളനപരവുമായ പരാമർശങ്ങളിൽനിന്ന്, ദുർബലരും ദുഃഖിതരും പാപത്തിൽ മുഴുകിയവരും ആയ മറ്റുള്ളവരുമായുള്ള അഭിമുഖീകരണത്തെ അവഗണിക്കുന്ന മനോഭാവത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുക.

ഒന്നു നിൽക്കുക. എല്ലാം നിയന്ത്രിക്കാനും, എല്ലാം അറിയാനും എല്ലാം നശിപ്പിക്കാനും ഉള്ള ത്വരയിൽ നിന്ന് ഒഴിഞ്ഞുനിൽക്കുക.

ഒന്നു നിൽക്കുക. ശ്രവണപുടങ്ങളെ ദുർബ്ബലമാക്കുകയും സംഭ്രമിപ്പിക്കുകയും ചെയ്യുന്ന കർണകഠോരമായ

ശബ്ദത്തിൽനിന്ന് ഒഴിഞ്ഞിരിക്കുക.

ക്കാവുന്നതോ അല്ല.കാണുക. തെറ്റുതിരുത്താൻ ശ്രമിക്കുന്നവരുടെ അനുതാപം സ്ഫുരിക്കുന്ന മുഖങ്ങൾ കാണുക. തങ്ങളുടെ ദൗർഭാഗ്യങ്ങളെയും വേദനകളെയും അതിജീവിച്ച് മുന്നേറാൻ തുനിയുന്നവരെ കാണുക.

കണ്ടു ധ്യാനിക്കുക. ക്രൂശിതനായ സ്നേഹത്തിന്റെ മുഖം കണ്ടു ധ്യാനിക്കുക. കുരിശിൽനിന്ന് ഇന്നും അവിടുത്തെ തിരുമുഖം പ്രത്യാശ പകരുന്നു. ക്രൂശിതരെന്ന് സ്വയം കണ്ടെത്തുന്നവരുടെ സഹായത്തിനായി അവിടുത്തെ കരങ്ങൾ ഇന്നും തുറന്നു നീട്ടപ്പെട്ടിരിക്കുന്നു. പരാജയത്തിന്റെയും നിരാശയുടെയും ഹൃദയവേദനയുടെയും അനുഭവങ്ങൾ അന്യമല്ലാത്തവരാണവർ. അവരുടെ നേരെ അവിടുത്തെ കരങ്ങളുണ്ട്.

കണ്ടു ധ്യാനിക്കുക. ആരെയും ഒഴിവാക്കാതെ, എല്ലാവർക്കും വേണ്ടി സ്നേഹത്തിന്റെ പേരിൽ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ കണ്ടു ധ്യാനിക്കുക. ആ മുഖം കാണുന്നതു തന്നെ ഈ നോമ്പുകാലത്തെക്കുറിച്ചുള്ള പ്രത്യാശ നിറഞ്ഞ ഒരു ക്ഷണം ആണ്. അവിശ്വാസത്തിന്റെയും നിർവ്വികാരതയുടെയും നിരാശയുടെയും പൈശാചിക ശക്തികളെ പരാജയപ്പെടുത്താൻ അത് സഹായിക്കും. നമ്മെ ക്ഷണിക്കുന്ന മുഖം, "ദൈവരാജ്യം സാധ്യമാണ്!" എന്ന് ഉദ്ഘോഷിക്കുവാൻ നമ്മെ ക്ഷണിക്കുന്നു.

നിൽക്കുക, കാണുക, മടങ്ങുക. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങുക. തുറന്നു നീട്ടിയ കരങ്ങളിലേക്ക് ഭയരഹിതമായി മടങ്ങുക. നിന്നെ കാത്തിരിക്കുന്ന കരുണാസമ്പന്നനായ (എഫേ. 2:4) നിന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരങ്ങളാണ് അവ.

മടങ്ങുക. ഭയംകൂടാതെ മടങ്ങുക. എന്റെ സ്വർഗ്ഗസ്ഥനായ പിതാവും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവും (cf.യോഹ.20:17) ആയവന്റെ ഭവനത്തിലേക്ക് മടങ്ങുക. ഹൃദയം സ്പർശിക്കപ്പെടുവാൻ അനുവദിക്കേണ്ട കാലം ആണ് ഇത്. തിന്മയുടെ പാതയിൽ തുടരുന്നത് നിരാശയും ദുഃഖവുംമാത്രം പ്രദാനം ചെയ്യും എന്ന് ഓർക്കുക. യഥാർത്ഥജീവിതം മറ്റൊന്നാണ്. നമ്മുടെ ഹൃദയത്തിൽ നമുക്ക് അത് അറിയുകയും ചെയ്യാം. ദൈവം ക്ഷീണിതനാകുന്നില്ല. ക്ഷീണിതനാകുകയുമില്ല. അവിടുത്തെ കരം എപ്പോഴും നമുക്കായി നീട്ടപ്പെട്ടിരിക്കുന്നു (cf.കാരുണ്യത്തിന്റെ മുഖം, 19).

മടങ്ങുക. പാപപ്പൊറുതി ലഭിച്ചവരുടെ ആഘോഷത്തിന്റെ ഭാഗം ആകുന്നതിനായി ഭയംകൂടാതെ മടങ്ങുക.

മടങ്ങുക. സൗഖ്യമാക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്യുന്ന ദൈവിക ആർദ്രത അനുഭവിച്ചറിയാൻ മടങ്ങിവരിക. പാപത്തിന്റെ മുറിവുകളെ ദൈവം സൗഖ്യമാക്കട്ടെ. "ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും; ഒരു പുതുചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും; നിങ്ങളുടെ ശരീരത്തിൽ നിന്ന് ശിലാഹൃദയം എടുത്തുമാറ്റി മാംസളഹൃദയം നല്കും" (എസെ. 36:26) എന്ന് നമ്മുടെ പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം അവിടുന്ന് നിറവേറ്റട്ടെ.

നിൽക്കുക, കാണുക, മടങ്ങുക!

ഫ്രാൻസിസ് പാപ്പ

"'നാല്പതു നാളുകൾ"

ഫാ. ഫിൽസൺ ഫ്രാൻസിസ്



നാല്പതു ദിനരാത്രങ്ങൾ നീണ്ടു നിൽക്കുന്ന വലിയ നോമ്പാചരണം അഥവാ തപസ്സിലേക്കു നാം പ്രവേശിക്കുകയാണ്. മൂന്നാം നൂറ്റാണ്ടിൽ ഈജിപ്റ്റ്യൻ സന്ന്യാസികളാണ് ആദ്യമായി നാല്പത് നോമ്പ് ആചരിച്ച് തുടങ്ങിയതെന്ന് ചരിത്രം. തിരുസഭയുടെ ഏറ്റവും പ്രധാന തിരുനാളായ ഈസ്റ്ററിന് ഒരുക്കമായി ആദ്യ നൂറ്റാണ്ടിൽ ഒരുദിവസത്തെ ഉപവാസ ഒരുക്കം വിശ്വാസികൾ ആചരിച്ചിരുന്നു. പിന്നീട് രണ്ടാം നൂറ്റാണ്ടിൽ അത് ദുഃഖവെള്ളി മുതൽ ഈസ്റ്റർ ജാഗരം വരെ നീളുന്ന രണ്ടുദിവസമായെന്നും പറയപ്പെടുന്നു. മൂന്നാം നൂറ്റാണ്ടിൽ വിശുദ്ധ വാര തിങ്കളാഴ്ച മുതൽ ഈസ്റ്റർ ദിനംവരെ ആചരിക്കപ്പെടുന്ന നോമ്പ് നിലവിൽ വന്നു. എന്നാൽ നാലാം നൂറ്റാണ്ടിൽ തിരുസഭ ഈസ്റ്ററിനൊരുക്കമായി മൂന്നാഴ്ചത്തെ നോമ്പാചരണം ആഹ്വാനം ചെയ്തു. അത് പിന്നീട് അഞ്ചാം നൂറ്റാണ്ടായപ്പോഴേക്കും നാല്പത് നോമ്പായി മാറുകയുണ്ടായി.

"Lent" എന്ന ഇംഗ്ലീഷ് പദം "Lenz" എന്ന ജർമ്മൻ പദത്തിൽ നിന്നു വരുന്നു. "വസന്തകാലം" എന്നാണ് ഈ പദത്തിന്റെ അർത്ഥം. ആത്മാവിൽ പുണ്യങ്ങളുടെ വസന്തകാലമാവണം തപസ്സുകാലം. അത് ഭക്ഷണം ഉപേക്ഷിക്കലിന്റെയും, പ്രായശ്ചിത്ത കർമ്മങ്ങളുടെയും പേരിൽ ഉണങ്ങിപ്പോകാനുള്ള കാലമല്ല.

തെസ്സാറ കോസ്ത്തെ (Tessarakoste) അഥവാ ദിയ തെസ്സറോൺ (dia tessaron) എന്ന നാൽപ്പതു ദിനങ്ങൾ ചാര ബുധൻ തുടങ്ങി ദുഃഖവെള്ളിയിൽ അവസാനിക്കുന്നതിനിടയിലെ അഞ്ച് ഞായറാഴ്ചകൾ ഒഴിവാക്കിയിട്ടുള്ളതാണ്.

നാല്പത് എന്നത് വേദഗ്രന്ഥത്തിലെ ഒരു പ്രധാനപ്പെട്ട സംഖ്യയാണ്. പലയിടങ്ങളിൽ പ്രതിപാദിക്കുന്ന നാൽപ്പതെന്ന സംഖ്യ തപസ്സിന്റെ വ്യത്യസ്ത പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

1 ഉൽപത്തി 7-12 – **ശുദ്ധീകരണം**

"നാൽപതു രാവും നാൽപതു പകലും മഴ പെയ്തുകൊണ്ടിരുന്നു"

ഭൂമുഖത്ത് തിന്മ വർദ്ധിച്ചപ്പോൾ ദൈവം മഴകൊണ്ട് തിന്മ കഴുകിക്കളഞ്ഞത് നാൽപ്പതു ദിനരാത്രങ്ങൾ നീണ്ട മഴയിലൂടെയും പ്രളയത്തിലൂടെയുമാണ്. ദൈവം നിർദ്ദേശിച്ച തിൻപ്രകാരം പേടകം പണികഴിപ്പിച്ച് അതിൽ അഭയം തേടിയ നീതിമാനായ നോഹയും കുടുംബവും രക്ഷ പ്രാപിച്ചു. അതായത് നീതിരഹിതമായവയുടെ ശുദ്ധീകരണ ദിനങ്ങളാണ് നാൽപതു ദിവസങ്ങൾ.

നാൽപതു ദിവസങ്ങൾക്കൊടുവിൽ ദൈവം ഏഴു നിറങ്ങളുള്ള മഴവില്ലു കൊണ്ട് നീയുമായി ഒരു ഉടമ്പടി സ്ഥാപിക്കും. ഇനിമേൽ ശിക്ഷയില്ല. അതിനാൽ ഇനിമേൽ നീയും പാപം ചെയ്യരുത്. നാൽപതു ദിന തപസ്സിനൊടുവിൽ ശുദ്ധീകരിക്കപ്പെട്ട് ദൈവസ്നേഹത്തിന്റെ നിറപ്പകിട്ടാർന്ന ഏഴ് കൂദാശകളിലൂടെ നമുക്കും ദൈവവുമായി ഉടമ്പടിയിലാവാം.

2 അപ്പ. പ്രവർ. 7:30 – **പിൻവാങ്ങൽ**

"നാൽപതു വർഷങ്ങൾക്കു ശേഷം സീനായ് മലയുടെ മരുപ്രദേശത്ത് ഒരു മുൾപ്പടർപ്പിനുള്ളിൽ അഗ്നിജ്വാലകളുടെ മധ്യേ ഒരു ദൂതൻ മോശയ്ക്കു പ്രത്യക്ഷനായി."

ഈജിപ്തുകാരനെ കൊന്ന മോശ മീദിയാനിൽ ഒളിവിലായിരുന്നു. ചെയ്ത തെറ്റുകൾക്ക് തിരിച്ചടി ഭയന്ന് ഒളിച്ചു ജീവിച്ച മോശ



എന്നു ചിന്തിക്കുന്നതിനെക്കാൾ, തെറ്റിന് പ്രായശ്ചിത്തം എന്ന ഒരു ലക്ഷ്യംകൂടി അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് മനസ്സിലാക്കാം. നാൽപത് വർഷം പിന്നിട്ട മോശക്ക് ദൈവത്തിന്റെ ഇടപെടൽ ഉണ്ടായില്ല. നിന്റെ അകൃത്യങ്ങളുടെ പ്രതിഫലം നിന്നെ തേടിയെത്താതിരിക്കാൻ പ്രാർത്ഥിക്കുവിൻ. പിൻവാങ്ങലിന്റെ നാൽപതു നാളുകൾ. അതിനൊടുവിൽ നീ നിന്റെ ദൈവത്തെ കണ്ടുമുട്ടും.

3 പുറപ്പാട് : 24:18 – **ക്രമപ്പെടൽ**

"മോശ മേഘത്തിന്റെ ഉള്ളിൽക്കടന്ന് മലമുകളിലേക്കു കയറി; നാൽപതു രാവും നാൽപതു പകലും അവർ മലമുകളിലായിരുന്നു"

ഇസ്രായേലിന്റെ വിമോചകൻ ദൈവത്തോടൊപ്പം ദൈവസ്വരത്തിന് കാതോർത്ത് ചെലവഴിച്ച നാൽപതു ദിനരാത്രങ്ങൾ, തപ

4 ദൈവസമക്ഷം എന്റെ തന്നെ മാറ്റുരച്ചു നോക്കാൻ ഞാൻ ചെലവഴിക്കുന്ന നാൽപതു നാളുകളാണ് തപസ്സ്.

"അവിടുന്ന് നിങ്ങളെ എളിമപ്പെടുത്തുകയും വിശപ്പറിയാൻ വിടുകയും" (നിയ: 8-3) ചെയ്തു. എന്റെ എളിമയുടെ, ദൈവത്തോടുള്ള സ്നേഹത്തിന്റെ വിശുദ്ധിയുടെ, ക്ഷമയുടെ, ആത്മസംയമനത്തിന്റെ തുടങ്ങി പല പുണ്യങ്ങളുടെയും ശുദ്ധത പരിശോധിച്ചറിയാനുള്ള നാൽപത് നാളുകൾ. "മനുഷ്യൻ അപ്പംകൊണ്ടല്ല കർത്താവിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് എന്ന് മനസ്സിലാക്കാനുള്ള" (നിയമ: 8-3) നാൽപതു നാളുകൾ.

5 ന്യായാധിപന്മാർ: 13-1 **ബലപ്പെടൽ**

"ഇസ്രായേൽജനം വീണ്ടും കർത്താവിന്റെ മുൻപിൽ തിന്മ ചെയ്തു. അവിടുന്ന് അവരെ നാൽപതു വർഷത്തേക്കു ഫിലിസ്ത്യരുടെ കൈകളിൽ ഏൽപ്പിച്ചു."

ചെയ്ത പാപങ്ങൾക്ക് പരിഹാരം ചെയ്യുവാൻ നീ സ്വയം നാൽപത് ദിനങ്ങൾ തപസ്സ് ചെയ്താൽ നീ കർത്താവിനാൽ ബലം പ്രാപിക്കും. ഇസ്രായേൽ ജനത്തിന്റെ ഈ കാലഘട്ടത്തിനുശേഷം ദാൻ ഗോത്രത്തിലെ മനോവയുടെ വന്ധ്യയായ ഭാര്യയിൽ നിന്ന് ശക്തനായ "സാംസൺ" എന്ന ന്യായാധിപൻ ജനിച്ചു.

നിന്റെ പാപങ്ങൾക്കു പരിഹാരം ചെയ്ത് നാല്പതു നാളുകൾ തപസ്സനുഷ്ഠിച്ചാൽ നിന്നിലും ഒരു ശക്തനായ സാംസൺ ജനിക്കും. വ്രതങ്ങൾകൊണ്ട് ബലവാനായ സാംസണായി മാറുവാൻ പാപപരിഹാരത്തിന്റെ നാൽപത് നോമ്പാചരണം.

1 രാജാ : 19:8 –
ബോധ്യം

"'അവൻ എഴുന്നേറ്റ് ഭക്ഷണ പാനീയങ്ങൾ കഴിച്ചു. അതിന്റെ ശക്തികൊണ്ടു നാൽപതു രാവും നാൽപതു പകലും നടന്നു, കർത്താവിന്റെ മലയായ ഹോറെബിലെത്തി."

ഏലിയ എന്ന പ്രവാചകൻ നാൽപതു ദിനരാത്രങ്ങളുടെ യാത്രയിൽ മൂന്ന് കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഒന്ന്: കർത്താവിന്റെ ദൂതൻ നൽകിയ ചുടുകല്ലിൽ ചുട്ടെടുത്ത അപ്പം മാത്രം ഭക്ഷിച്ച് ശക്തിയാർജ്ജിച്ച് ദൈവത്തിനുവേണ്ടി മുന്നേറാൻ സാധിക്കും എന്ന് ബോധ്യമാവുന്ന ഉപവാസ ദിനങ്ങൾ. രണ്ട്: ഈ യാത്രയ്ക്കൊടുവിൽ ദൈവം ഏലിയായോട് ചോദിക്കുന്നു: "ഏലിയ നീ ഇവിടെ എന്തുചെയ്യുന്നു? ഏലിയ ഉത്തരം പറഞ്ഞു: സൈന്യങ്ങളുടെ ദൈവമായ കർത്താവിനെപ്രതിയുള്ള തീക്ഷ്ണതയാൽ ഞാൻ ജ്വലിക്കുകയാണ്" (1 രാജ. 19: 9,10). അതായത് ഈ ദിനങ്ങൾകൊണ്ട് ദൈവത്തിനായി ജ്വലിക്കുന്ന തീക്ഷ്ണമതിയായി മാറാൻ ഏലിയായ്ക്ക് കഴിഞ്ഞു. മൂന്ന്: കൊടുങ്കാറ്റിലും, ഭൂകമ്പത്തിലും, അഗ്നിയിലും അല്ല ഇളംതെന്നലിൽ മൃദുസ്വരമായി ദൈവത്തെ തിരിച്ചറിയുന്ന ഒരു പുതിയ ദൈവാനുഭവത്തിലേക്ക് ഏലിയ വളർന്നു.

ഉപവാസത്തിന്റെ ഊർജ്ജവും, ദൈവത്തിനായി ജ്വലിക്കുന്ന തീക്ഷ്ണതയും, വ്യത്യസ്തമായ പുത്തൻ ദൈവാനുഭവവും നേടാനുള്ള അവസരമാണ് നാൽപത് നാളുകൾ.

യോന. 3:4–
പ്രായശ്ചിത്തം

"അവൻ വിളിച്ചു പറഞ്ഞു: നാൽപത് ദിവസം കഴിയുമ്പോൾ



നിനവേ നശിപ്പിക്കപ്പെടും."

എന്നാൽ "നിനവേയിലെ ജനങ്ങൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിയവരും ചെറിയവരും ഒന്നുപോലെ ചാക്കുടുത്തു. രാജാവും ഉപവസിച്ചു. ഒപ്പം ഒരുത്തരവിറക്കി. മനുഷ്യനോ മൃഗമോ കന്നുകാലിയോ ആടോ ഒന്നും ഭക്ഷിക്കരുത്. മനുഷ്യനും മൃഗവും ചാക്കുടുത്ത് ദൈവത്തോട് ഉച്ചത്തിൽ വിളിച്ചപേക്ഷിക്കട്ടെ! ഓരോരുത്തരും തങ്ങളുടെ ദുർമാർഗ്ഗത്തിൽനിന്നും അക്രമത്തിൽനിന്നും പിൻതിരിയട്ടെ!" (യോന. 3:5–8).

"തങ്ങളുടെ ദുഷ്ടതയിൽനിന്ന് അവർ പിൻതിരിഞ്ഞു എന്നു കണ്ട്, ദൈവം മനസ്സു മാറ്റി; അവരുടെ മേൽ അയയ്ക്കുമെന്നു പറഞ്ഞ തിന്മ അയച്ചില്ല." (യോന. 3:10).

ചെയ്തുകൂട്ടിയ പാപങ്ങൾക്കും, ദുർമാർഗ്ഗം, അക്രമം, ദുഷ്ടത എന്നിവയ്ക്കും പ്രതിഫലമായി ദൈവികനീതിയുടെ ഭാഗമായി വരാനിരിക്കുന്ന കഠിന തപസ്സിന്റെ നാൽപതു നാളുകൾ. പാപം പൊറുക്കപ്പെട്ട് ശിക്ഷയിൽനിന്നു മോചനം നേടാൻ പ്രായശ്ചിത്തത്തിന്റെയും പരിഹാരത്തിന്റെയും തപസ്സാചരണം.

മത്തായി. 4:2 –
പോരാട്ടം

"യേശു നാൽപതു ദിനരാത്രങ്ങൾ ഉപവസിച്ചു."

പിശാചിന്റെ മൂന്നുതരം പ്രലോഭനങ്ങളെ പരാജയപ്പെടുത്താൻ നീയും എന്നെ പോലെ ബലം പ്രാപിക്കുക എന്ന് യേശുനാഥൻ നമ്മെ പഠിപ്പിക്കുകയായിരുന്നു.
1. കല്ല് അപ്പമാക്കുക: ഭൗതികതയുടെ പിന്നാലെയുള്ള ഓട്ടങ്ങൾ, നന്മത്ത്, സുഖലോലുപത, എന്നിവയ്ക്കു വേണ്ടി മാത്രമുള്ള ജീവിതം, പലതരം വിശപ്പ് നയിക്കുന്നിടത്തേക്കെല്ലാം അപ്പം തേടിയുള്ള ഓട്ടം, വചനംകൊണ്ട് അതിജീവിക്കാൻ ഈ നാൽപതു നാളു

കൾകൊണ്ട് നീ ശീലിക്കുക. 2. താഴേക്ക് ചാടുക: നിന്റെ വാചകങ്ങൾക്കൊത്തുള്ള എടുത്തുചാട്ടങ്ങളിൽ ദൈവത്തെ കൂട്ട് വിളിക്കരുത്, ദൈവത്തെ പരീക്ഷിക്കരുത്. അനാവശ്യങ്ങൾ നേടിയെടുക്കാൻ പ്രാർത്ഥിക്കുന്നതും ദൈവത്തെ പരീക്ഷിക്കലാണ്.

നിയമത്തിന്റെയും ഉപദേശങ്ങളുടെയും അതിർവരമ്പുകൾ മറികടന്നു നീ നടത്തുന്ന നീക്കങ്ങളും തീരുമാനങ്ങളും അപകടകരമായ എടുത്തുചാട്ടങ്ങളാണ്. നിയമത്തിനൊത്ത്, വചനത്തിനൊത്ത്, ആത്മീയ ഗുരുക്കന്മാരുടെ വാക്കിനൊത്ത്,

എടുത്തുചാട്ടങ്ങളില്ലാതെ ജീവിക്കാൻ പരിശീലിക്കേണ്ട നാല്പത് നാളുകൾ. 3. സാത്താനെ ആരാധിക്കുക: ദൈവത്തെ പ്രതിഷ്ഠിക്കേണ്ട ഒരിടമുണ്ട്. നിന്റെ ഉള്ളിൽ, "ആത്മാവിൽ ഒരു പള്ളിയുണ്ട്, അതിലൊരു സക്രാരിയുണ്ട്" എന്ന ഗാനം പോലെ. എന്നാൽ അവിടെ ദൈവത്തിന് പകരം ആരെ, എന്തിനെ പ്രതിഷ്ഠിച്ചാലും ഒന്നാം കൽപനയുടെ, ലംഘനമാണ്, വിഗ്രഹാരാധനയാണ്. എന്റെ ഹൃദയത്തിലെ ദൈവത്തിന്റെ സ്ഥാനം മറ്റ് പലരും, പ്രിയമുള്ളവരും, പ്രിയപ്പെട്ടവയും, സമ്പത്തും അങ്ങനെ പലതും കൈവശപ്പെടുത്തിയിരിക്കുന്നതിനെ കുടിയൊഴിപ്പിച്ച് ദൈവത്തെ പുനഃപ്രതിഷ്ഠിക്കുക.

ദൈവത്തെ പ്രതിഷ്ഠിക്കേണ്ട ഒരിടമുണ്ട്. നിന്റെ ഉള്ളിൽ, "ആത്മാവിൽ ഒരു പള്ളിയുണ്ട്, അതിലൊരു സക്രാരിയുണ്ട്" എന്ന ഗാനം പോലെ. എന്നാൽ അവിടെ ദൈവത്തിന് പകരം ആരെ, എന്തിനെ പ്രതിഷ്ഠിച്ചാലും ഒന്നാം കൽപനയുടെ, ലംഘനമാണ്, വിഗ്രഹാരാധനയാണ്.

9

അപ്പ. 1:3–
പഠനം

"പീഡാനുഭവത്തിനു ശേഷം നാൽപതു ദിവസത്തേക്ക് യേശു അവരുടെയിടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ചു പഠിപ്പിച്ചു."

ഉത്ഥിതനായ യേശുവിൽ നിന്ന് നേരിട്ട് പാഠം പഠിച്ച ശിഷ്യരെ

പ്പോലെ ക്രിസ്തുവിൽ നിന്ന് പഠിക്കാനുള്ള നാൽപത് നാളുകൾ.

കർത്താവിന്റെ ദിവസം

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഞായറാഴ്ച ദിവസം കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ഓർമ്മ നിലനില്ക്കുന്ന 'ചെറിയ ഈസ്റ്റർ' ആണ്.

ഉത്ഥിതനായ ക്രിസ്തുവിന്റെ മഹത്വം നിറഞ്ഞു നില്ക്കുന്ന പുതിയ സൃഷ്ടിയുടെ ഉത്സവാഘോഷദിനം.

ദൈവശാസ്ത്രപരമായി ക്രൈസ്തവജീവിതത്തിൽ ഞായറാഴ്ച ആഘോഷത്തിന് വളരെ സമ്പന്നമായ അർത്ഥമാണുള്ളത്.

സർവ്വശക്തനും കരുണാമയനുമായ ദൈവം ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിക്കായി ആറുദിവസം അദ്ധ്വാനിച്ചു. ഏഴാമത്തെ ദിവസം വിശ്രമിക്കുകയും ചെയ്തു. ഈ ഏഴാമത്തെ ദിവസമാണ് യഹൂദർ സാബത്തുദിനമായി ആചരിച്ചുപോരുന്നത്. ആറുദിവസംകൊണ്ടു സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവം ഏഴാംദിവസം വിശ്രമിച്ച് ആ ദിവസത്ത അനുഗ്രഹിച്ചു വിശുദ്ധമാക്കുകയും ചെയ്തു (ഉൽപ. 2,2-4). അതുകൊണ്ട് ആഴ്ചയുടെ ഏഴാംദിവസം യഹൂദരെ സംബന്ധിച്ചിടത്തോളം വിശ്രമദിനമാണ്. അന്നു വേലചെയ്യുന്നത് ദൈവകല്പനയ്ക്കു വിരുദ്ധമാണ്. ദൈവത്തിന്റെ പത്തു കല്പനകളിൽ മൂന്നാമത്തേതു സാബത്താചരണവുമായി ബന്ധപ്പെട്ടതാണ് (പുറ. 20, 8-11). ഇസ്രായേൽജനത ഈ കല്പന വളരെ കർശനമായി പാലിച്ചുപോന്നു.

പഴയനിയമത്തിൽ ആഴ്ചവട്ടത്തിന്റെ അവസാനദിവസം കർത്താവിന്റെ ദിവസമായപ്പോൾ, പുതിയനിയമത്തിൽ ആഴ്ചയുടെ ഒന്നാംദിനം കർത്താവിന്റെ ദിനമായിത്തീർന്നു. കാരണം, വിശുദ്ധ ഗ്രന്ഥത്തിൽ ഉയിർപ്പും അതിനുശേഷമുള്ള മറ്റു പ്രധാന ക്രിസ്തുസംഭവങ്ങളും ഞായറാഴ്ച നടക്കുന്നതായാണ് വിശുദ്ധ ഗ്രന്ഥം രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഞായറാഴ്ചയുടെ മൗലിക പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുകയും ചെയ്യുന്നുണ്ട്: "ഓരോ ഏഴാംദിവസവും സഭ രഹസ്യം ആഘോഷിക്കുന്നു. അപ്പസ്തോലന്മാരുടെ കാലം മുതലുള്ള പാരമ്പര്യമാണിത്. ക്രിസ്തുവിന്റെ ഉത്ഥാനദിവസം തന്നെ സമാരംഭിച്ചതുമാണ്. അതിനാൽ ആ ദിവസം കർത്താവിന്റെ ദിവസമാണെന്ന് ന്യായമായിത്തന്നെ വിളിക്കപ്പെടുന്നു.'

ചരിത്രപശ്ചാത്തലം

ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു നിലകൊള്ളുന്ന ദിവസമാണ് ഞായറാഴ്ച. രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഇങ്ങനെ പഠിപ്പിക്കുന്നു: "ദൈവവചനം ശ്രവിച്ചും പരിശുദ്ധ കുർബാനയിൽ പങ്കുകൊണ്ടും കർത്താവായ യേശുക്രിസ്തുവിന്റെ പീഡാസഹനവും ഉത്ഥാനവും മഹത്വവും അനുസ്മരിക്കുന്നതിനും യേശുക്രിസ്തുവിലുള്ള മൃതരിൽനിന്നുള്ള ഉത്ഥാനത്തിലൂടെ തങ്ങൾക്കു സജീവപ്രത്യാശയിലേക്കു പുതുജന്മം നല്കിയ ദൈവത്തിനു നന്ദി

പറയാനുംവേണ്ടി ക്രിസ്തീയവിശ്വാസികളെല്ലാം ഞായറാഴ്ച ദിവസം സമ്മേളിക്കണം" (ആരാധനക്രമം).

ചരിത്രം പരിശോധിച്ചു നോക്കുകയാണെങ്കിൽ സാബത്താചരണത്തിൽ നിന്നു ഞായറാഴ്ച ആഘോഷത്തിലേക്കുണ്ടായ മാറ്റം വളരെ വ്യക്തമായി മനസ്സിലാക്കുവാനാകും. ക്രിസ്ത്വാബ്ദം രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുക്കുന്നതിനു മുമ്പേതന്നെ ക്രൈസ്തവരുടെ ഇടയിൽ ഞായറാഴ്ച കർത്താവിന്റെ ദിവസമായി എങ്ങും അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. നീസാൻമാസം (ഏപ്രിൽ) 14-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച ക്രിസ്തുനാഥൻ പുനരുത്ഥാനം ചെയ്തതായി കരുതിപ്പോരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഞായറാഴ്ചയെ ക്രിസ്ത്യാനികൾ കർത്താവിന്റെ ദിവസമെന്നു വിളിച്ചത്. പാരമ്പര്യമനുസരിച്ച് കർത്താവിന്റെ ഈ ദിവസത്തിൽ ക്രിസ്ത്യാനികൾ എല്ലാവരും ഒരുമിച്ചു കൂടുകയും അപ്പംമുറിക്കൽ ശുശ്രൂഷയിൽ ഏർപ്പെടുകയും ദൈവാരാധന നടത്തിപ്പോരുകയും ചെയ്തിരുന്നു. വിശുദ്ധ ലൂക്കാ, അപ്പസ്തോലപ്രവർത്തനങ്ങളിൽ ഇക്കാര്യം വളരെ വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്: "ആഴ്ചയുടെ ആദ്യദിവസം അപ്പം മുറിക്കാൻ ഞങ്ങൾ ഒരുമിച്ചു കൂടി." ഇപ്രകാരമാണ്, അപ്പസ്തോലന്മാരുടെ കാലം മുതൽക്കേ സാബത്താചരണം (ദൈവം വിശുദ്ധീകരിച്ച ദിവസം) ഞായറാഴ്ച ആചരണത്തിലേക്ക് വഴിമാറിയത്.

ദൈവശാസ്ത്ര വീക്ഷണത്തിലൂടെ

മൂന്നാമത്തെ കല്പന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളുടെ സ്മരണയാണ്. ക്രിസ്തു നവീകരിച്ച സുനിശ്ചിതമായ സമയം പുതിയ തുടക്കമായാണ് ക്രിസ്ത്യാനികൾ കണ്ടത്. ഇക്കാരണത്താൽ സാബത്തുകഴിഞ്ഞുള്ള ആദ്യദിവസം ക്രിസ്ത്യാനികൾ മഹോത്സവമായി ആഘോഷിച്ചു. കാരണം, ഈ ദിവസമാണ് ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റത്. അങ്ങനെ സൃഷ്ടികർമ്മത്തിൽ ദൈവം പൂർത്തിയാക്കിയതും പുറപ്പാടിൽ അവിടുന്ന് തന്റെ ജനത്തോട് ചെയ്തതും ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പൂർത്തിയായി.

മഹാനായ വിശുദ്ധ ഗ്രിഗറി വളരെ വ്യക്തമായി പറയുന്നത്, സാബത്തിന്റെ ആദ്ധ്യാത്മിക അർത്ഥം ക്രിസ്തുവിൽ പൂർണമായി സാക്ഷാത്കരിക്കപ്പെട്ടുവെന്നാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടനുസരിച്ചു യഥാർത്ഥ സാബത്ത്, രക്ഷകനും കർത്താവുമായ യേശുക്രിസ്തുവാണ്.

അങ്ങനെ ക്രിസ്തു വീണ്ടെടുത്തു വിശുദ്ധീകരിച്ച സാബത്തു ദിവസം പഴയനിയമത്തിലെ സാബത്തു കഴിഞ്ഞുള്ള ഒന്നാം ദിവസത്തിലേക്ക്, അതായത് ഏഴാം ദിവസത്തിൽനിന്ന് ഒന്നാം ദിവസത്തിലേക്കു മാറി. പഴയനിയമ പാരമ്പര്യത്തിലെ കർത്താവിന്റെ ദിവസം പുതിയ നിയമത്തിൽ വന്നപ്പോൾ ക്രിസ്തുനാഥന്റെ ദിവസമായി മാറി. എങ്കിലും ഞായറാഴ്ചയുടെ (കർത്താവിന്റെ ദിവസം) അർത്ഥം പൂർണമായി ഗ്രഹിക്കാൻ സൃഷ്ടിയുടെ കഥ നാം പുനർവ്യാഖ്യാനിക്കുകയും സാബത്തിന്റെ ദൈവശാസ്ത്രം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുകയും വേണം.

സാബത്തിൽനിന്ന് ഞായറാഴ്ചയിലേക്ക്

സാബത്താചരണത്തിൽനിന്ന്

ഞായറാഴ്ച ആഘോഷത്തിലേക്ക് വഴിമാറുമ്പോൾ "കർത്താവിന്റെ ദിനം" ക്രിസ്തുവിന്റെ ദിവസമായി മാറുകയാണ്. ക്രിസ്തുവിന്റെ ഉത്ഥാനം സംഭവിച്ച ഞായറാഴ്ച ഒരു പുതിയ തുടക്കദിനമായി ക്രിസ്ത്യാനികൾ കണ്ടു. ഇക്കാരണത്താൽ സാബത്തു കഴിഞ്ഞുള്ള ഒന്നാം ദിവസത്തെ അവർ മഹോത്സവമാക്കി. ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ഓർമ്മ അയവിറക്കുവാൻ ഞായറാഴ്ച ദിവസം ഒരുമിച്ചുകൂടുവാൻ തുടങ്ങി. അത് അവരെ സംബന്ധിച്ചിടത്തോളം 'ചെറിയ ഈസ്റ്റർ' ആയിരുന്നു. മഹാനായ വിശുദ്ധ ഗ്രിഗറിയെ സംബന്ധിച്ചിടത്തോളം യഥാർത്ഥ സാബത്ത് നമ്മുടെ രക്ഷകനും കർത്താവുമായ യേശു ക്രിസ്തുവാണ്. കാരണം, സാബത്തിന്റെ ആദ്ധ്യാത്മികാർത്ഥം ക്രിസ്തുവിൽ പൂർണമായി സാക്ഷാത്കരിക്കപ്പെടുന്നു.

ഞായറാഴ്ച ആചരണവും കർത്താവിന്റെ ഉത്ഥാനവും തമ്മിലുള്ള ഉറ്റ ബന്ധത്തെ കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ സഭകളും ശക്തിയുക്തം ഊന്നിപ്പറയുന്നുണ്ട്. അതിൽ, പ്രത്യേകിച്ച് കിഴക്കൻ സഭകളുടെ പാരമ്പര്യത്തിൽ ഓരോ ഞായറാഴ്ചയും ഉത്ഥാനത്തിന്റെ ദിവസമാണ്. അതുകൊണ്ടാണ് ആ ഓർമ്മ മുഴുവനും ആരാധനയുടെ ഹൃദയഭാഗത്ത് നിലകൊള്ളുന്നത്.

സുവിശേഷകന്മാരുടെ പൊതുവായ ആചരണം ക്രൈസ്തവരുടെ കടമയായി മാറി. പഴയനിയമത്തിലെ സാബത്തിനു നല്കിയിട്ടുള്ള വ്യാഖ്യാനങ്ങളെ യേശു എതിർക്കുകയും സാബത്തിന്റെ യഥാർത്ഥ തലത്തിലുള്ള അർത്ഥം വികസിപ്പിക്കുകയും ചെയ്തു. നമ്മുടെ വിശ്വാസത്തിന്റെ പ്രത്യേകിച്ചും ദൈവത്തോടുള്ള നമ്മുടെ ആഭിമുഖ്യത്തിന്റെ ആഴം അളക്കുന്നതിനുള്ള അളവുകോലായാണ് ഞായറാഴ്ച വിശുദ്ധമായി ആചരിക്കണമെന്നുള്ള കല്പന. മറ്റു ദൈവിക കല്പനകളെ അപേക്ഷിച്ച് വ്യക്തികളെയും സമൂഹങ്ങളെയും വിശ്വാസപരമായി ഇതു സ്പർശിക്കുന്നു. സഭയുടെ വീക്ഷണത്തിൽ ഞായറാഴ്ച പ്രത്യേകമാംവിധം "ദൈവം സൃഷ്ടിച്ച ദിവസമാണ്." കാരണം, തന്റെ ഉത്ഥാനംവഴി ക്രിസ്തു ആ ദിവസത്തെ ആശീർവദിച്ചു. അങ്ങനെ പഴയനിയമത്തിൽ ദൈവം സാബത്തിനെ വിശുദ്ധീകരിച്ചു അനുഗ്രഹിച്ചതുപോലെ പുതിയനിയമത്തിൽ ഞായറാഴ്ച സാബത്തിന്റെ പൂർത്തീകരണമായി മാറി.

ഞായറാഴ്ച കുർബാന

വിശുദ്ധ കുർബാന സഭയുടെ ജീവിതത്തിൽ സവിശേഷമാംവിധം സ്ഥാനം പിടിച്ചിരിക്കുന്നു. ഒരർത്ഥ

ത്തിൽ വിശുദ്ധ കുർബാന സഭയുടെ ജീവനും ഉറവിടവുമാണ്. വിശുദ്ധ കുർബാനയാണ് സഭയെ പരിപോഷിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നത്. "അപ്പം ഒന്നേയുള്ളൂ. അതിനാൽ പലരായിട്ടിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്" (1 കൊറി. 10,17). അപ്പസ്തോലന്മാർക്ക് ഈസ്റ്റർ സായാഹ്നത്തിലുണ്ടായ അനുഭവം ക്രിസ്ത്യാനികൾ ഞായറാഴ്ച കുർബാനയിൽ സവിശേഷമായ തീവ്രതയോടെ അനുഭവിക്കുന്നു. ക്രിസ്തു ഉത്ഥാനം ചെയ്ത ദിവസം സായാഹ്നത്തിൽ അപ്പസ്തോലന്മാർ ഒരുമിച്ചുകൂടിയിരിക്കേ കർത്താവ് അവർക്ക് മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോഴുണ്ടായ അനുഭവംതന്നെയാണ് (യോഹ. 20,19) സഭയുടെ ഞായറാഴ്ച ആഘോഷത്തിലും നാം അനുഭവിക്കുന്നത്. ആഴ്ചയുടെ ഓരോ ഏഴാം ദിവസവും വിശ്വാസികൾ ദേവാലയത്തിൽ ഒരുമിച്ചു കൂടുന്നത് ക്രിസ്തുവിന്റെ ഉത്ഥാനത്തിലുള്ള വിശ്വാസം ഏറ്റുപറയാനും അവിടുന്ന് വാഗ്ദാനം ചെയ്ത അനുഗ്രഹം സ്വീകരിക്കാനുമാണ്.

ഞായറാഴ്ച കുർബാന സ്വാഭാവികമായി മറ്റു ദിവസങ്ങളിൽ ആഘോഷിക്കുന്ന കുർബാനകളിൽനിന്നു വ്യത്യസ്തമല്ല എന്നതും സത്യംതന്നെ. ഓരോ കുർബാനയാഘോഷത്തിലുമെന്നതുപോലെ ഞായറാഴ്ച ആഘോഷത്തിലും വചനത്തിന്റെതും ജീവന്റെ അപ്പത്തിന്റേതുമായ മേശകളിൽ ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നു. രക്ഷാകരചരിത്രത്തെക്കുറിച്ചുള്ള, പ്രത്യേകിച്ച് പെസഹാരഹസ്യത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള അറിവ് ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നല്കി. അതേ അറിവുതന്നെയാണ് വചനത്തിന്റെ വിരുന്നുമേശകളിലും കുർബാനയിലൂടെ സഭ വിശ്വാസികൾക്കായി നല്കുന്നത്. സഭയിൽ വിശുദ്ധഗ്രന്ഥം വായിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തുനാഥൻ തന്നെയാണ് സംസാരിക്കുന്നത്. കാരണം, അവിടുന്ന് തന്റെ വചനത്തിൽ സന്നിഹിതനായിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു: "വിശുദ്ധഗ്രന്ഥത്തിലെ നിധികൾ ധാരാളമായി തുറന്നുകൊടുത്തുകൊണ്ട് വിശ്വാസികൾക്കായി ദൈവവചനത്തിന്റെ വിരുന്നുമേശ സമൃദ്ധമായി സജ്ജീകരിക്കണം." ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വളരെ ഗൗരവമുള്ള കാരണമില്ലെങ്കിൽ മതപ്രഭാഷണം ഒഴിവാക്കാൻ പാടില്ലെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ പഠിപ്പിക്കുന്നു.

ഞായറാഴ്ച കുർബാന സ്വാഭാവികമായി മറ്റു ദിവസങ്ങളിൽ ആഘോഷിക്കുന്ന കുർബാനകളിൽനിന്നു വ്യത്യസ്തമല്ല എന്നതും സത്യംതന്നെ. ഓരോ കുർബാനയാഘോഷത്തിലുമെന്നതുപോലെ ഞായറാഴ്ച ആഘോഷത്തിലും വചനത്തിന്റെതും ജീവന്റെ അപ്പത്തിന്റേതുമായ മേശകളിൽ ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടുന്നു.

വചനത്തിന്റെ വിരുന്നുമേശ സ്വാഭാവികമായി കുർബാനയർപ്പണത്തിന്റെ വിരുന്നുമേശയിലേക്കു നയിക്കുന്നു. വിശുദ്ധ കുർബാന യഥാർത്ഥത്തിൽ കുരിശിലെ ക്രിസ്തുവിന്റെ ബലിയെയാണ് ഓർമ്മിപ്പിക്കുന്നത്. "കുരിശാകുന്ന അൾത്താരയിൽ ഒരിക്കൽ എന്നന്നേക്കുമായി രക്തം ചിന്തിക്കൊണ്ട് തന്നെത്തന്നെ സമർപ്പിച്ച അതേ ക്രിസ്തുവാണ് യഥാർത്ഥത്തിൽ കുർബാനയിൽ സഹലമാക്കപ്പെടുന്ന ഈ ദൈവിക നിയോഗത്തിലും സന്നിഹിതനായിരുന്നുകൊണ്ട് രക്തം ചിന്തപ്പെടാതെ സമർപ്പിക്കുന്നത്" (CCC 1366).

ഞായറാഴ്ച കുർബാന ഐക്യത്തിന്റെ സവിശേഷമായ ഒരു വേദികൂടിയാണ്. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ വിളിച്ചുകൂട്ടപ്പെട്ട ഒരു ജനമായി വിശ്വാസികൾ ദേവാലയത്തിൽ ഒരുമിച്ചുകൂടുകയും ഈ കുർബാന ആഘോഷിക്കുകയും ചെയ്യുന്നു. അവിടെ മാതാപിതാക്കൾ മക്കളോടൊത്ത് വചനത്തിന്റെയും ജീവന്റെ അപ്പത്തിന്റെയും ഒരേ വിരുന്നുമേശയിൽ പങ്കുകാരാകുന്നു.

കമ്മ്യൂണിയോ ഇന്ത്യ ഞായർ പ്രേഷിത കൂട്ടായ്മയ്ക്ക്

റവ. ഡോ. സ്റ്റീഫൻ ആലത്തറ
ഡപ്യൂട്ടി സെക്രട്ടറി ജനറൽ, സിസിബിഐ

കേരളത്തിലെ ലത്തീൻ കത്തോലിക്കാസഭ ഭാരത ത്തിലെ കത്തോലിക്ക മെത്രാൻ സമിതിയുടെ നിർദ്ദേശമനുസരിച്ച് തപസ്സുകാലത്തെ ആദ്യത്തെ ഞായർ, മാർച്ച് പത്താം തീയതി, കമ്മ്യൂണിയോ ഇന്ത്യ ഞായർ ആയി ആചരിക്കുകയാണ്.

'കമ്മ്യൂണിയോ' (Cummunio) എന്ന ലത്തീൻ പദത്തിന്റെ അർത്ഥം കൂട്ടായ്മ എന്നാണ്. ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ അജപാലന പ്രേഷിത പ്രവർത്തനങ്ങൾക്ക് കൂട്ടായ്മയുടെ ഒരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഭാരതത്തിലെ ലത്തീൻ കത്തോലിക്ക മെത്രാന്മാർ "കമ്മ്യൂണിയോ ഇന്ത്യ ഞായർ" (കൂട്ടായ്മ ഞായർ) വർഷത്തിൽ ഒരിക്കൽ ആചരിക്കുവാൻ തീരുമാനിച്ചത്.

ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ തനതായ രൂപീകരണവും വളർച്ചയുമാണ് കമ്മ്യൂണിയോ ഇന്ത്യയുടെ അടിസ്ഥാന പരമായ ലക്ഷ്യം. ഭാരതത്തിലെ ലത്തീൻ സഭയ്ക്ക് ആഗോളകത്തോലിക്ക സഭയിൽ സുപ്രധാനമായ ദൗത്യവും പരമപ്രധാനമായ പങ്കും കടമയുമുണ്ട്. വിശ്വാസത്തിലും അംഗബലത്തിലും വളർന്നുകൊണ്ടിരിക്കുന്ന ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയെ പ്രതീക്ഷയോടെയാണ് ആഗോളകത്തോലിക്ക സഭയും സഹോദര സഭകളും വീക്ഷിക്കുന്നത്.

എന്താണ് കമ്മ്യൂണിയോ ഇന്ത്യ?

കമ്മ്യൂണിയോ ഇന്ത്യ എന്ന ആശയം നമ്മിൽ ഏവർക്കും പുതുമയുള്ളതാണ്. ഓരോ വർഷവും ഒക്ടോബർ മാസത്തിൽ അത്യുൽസാഹത്തോടുകൂടി മിഷൻ ഞായർ നാം ആചരിക്കാറുണ്ട്. മിഷൻ ഞായറിന്റെ പ്രവർത്തനങ്ങൾ സാർവത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ വേണ്ടിയുള്ളതാണെങ്കിൽ കമ്മ്യൂണിയോ ഇന്ത്യ ഞായറിന്റെ ആചരണം ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് സഹായകമാകാൻ വേണ്ടിയാണ്. ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭ വൈവിധ്യമാർന്ന മേഖലകളിൽ സമ്പന്നമാണ്. വിശ്വാസത്തിന്റെ തലത്തിലും ഭദ്രതയുള്ള കുടുംബ ബന്ധങ്ങളുടെ മേഖലയിലും ധാർമ്മിക മൂല്യങ്ങളുടെ പരിപാലനത്തിലും പുരോഹിതരുടെയും സന്ന്യസ്തരുടെയും മിഷനറിമാരുടെയും എണ്ണത്തിലും, സാമ്പത്തിക ഉറവിടങ്ങളുടെ തലത്തിലും ഏറെക്കുറെ സമ്പന്നമാണെങ്കിലും പല സ്ഥലങ്ങളിലും ഇതിന് ഏറ്റക്കുറച്ചിലുകളുണ്ട്.

ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയെ ഒരു കുടുംബമായി കണ്ട് നമുക്കുള്ളത് ഇല്ലാത്തവരുമായി പങ്കുവച്ച് ഏവരും ഒന്നുപോലെ ഐക്യത്തോടെ വിശ്വാസത്തിന്റെയും അജപാലനത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും മേഖലകളിൽ ഒന്നുപോലെ വളർച്ച പ്രാപിക്കുന്ന മനോഹര കൂട്ടായ്മയുടെ ആശയമാണ് കമ്മ്യൂണിയോ ഇന്ത്യ എന്ന ബൃഹത്തായ പദ്ധതിക്കു പിന്നിലുള്ളത്.

നമ്മിൽ പലർക്കും പ്രാർത്ഥിക്കുവാനും ദിവ്യബലി അർപ്പിക്കുവാനും ദൈവാരാധനയ്ക്കുമായി മനോഹരമായ ദൈവാലയങ്ങളും അനുബന്ധ സംവിധാനങ്ങളുമുണ്ട്. എന്നാൽ ഭാരതത്തിലെ കത്തോലിക്കരിൽ ചിലർക്കെങ്കിലും ദൈവാരാധനയ്ക്കും വിശുദ്ധ കുർബാനയുടെ ആഘോഷത്തിനും ഒരുമിച്ചു കൂടാൻ യോജിച്ച ഒരിടമില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്.

വൃക്ഷത്തണലിലും ചോർന്നൊലിക്കുന്ന പുല്ലുപാകിയ ദൈവാലയ മേൽക്കൂരയ്ക്കു കീഴിലുമിരുന്നുകൊണ്ട് സന്തോഷത്തോടെ ദൈവത്തെ ആരാധിക്കുന്ന വിശ്വാസി സമൂഹം ഭാരതത്തിന്റെ ചില മേഖലകളിലെങ്കിലും ഉണ്ടെന്നുള്ളത് നാം വിസ്മരിക്കരുത്.

പ്രാഥമിക അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സാധിക്കാതെ പരിമിതമായ സൗകര്യങ്ങളിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിരവധിയായ മിഷണറിമാർ ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ കരുത്താണ്.

വിശ്വാസത്തിന്റെ തീക്ഷ്ണതയോടെ യേശുവിനും സഭയ്ക്കും വേണ്ടി പാവപ്പെട്ടവരോട് പക്ഷം ചേർന്ന് ഭാരതത്തിന്റെ വിദൂര ഗ്രാമങ്ങളിൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരായ മിഷണറിമാരെ സഹായിക്കുവാൻ നമുക്കോരോരുത്തർക്കും കടമയും ഉത്തരവാദിത്തവുമുണ്ട്. ഈ ഉത്തരവാദിത്തബോധത്തിൽനിന്ന് ഉരുത്തിരിഞ്ഞ ആശയമാണ്

"കമ്മ്യൂണിയോ ഇന്ത്യ."

കമ്മ്യൂണിയോ ഇന്ത്യയുടെ ലക്ഷ്യങ്ങൾ

തിരുസഭ സ്വഭാവത്താലേ മിഷണറിയാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിത പ്രവർത്തനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കുന്നതാണ് പ്രേഷിത പ്രവർത്തനത്തിന്റെ അന്തഃസത്ത. സുവിശേഷത്തിന്റെ സന്തോഷം അനുഭവിക്കുന്ന വിശ്വാസികളെ രൂപപ്പെടുത്തിയാൽ മാത്രമേ പ്രേഷിത പ്രവർത്തനം തീക്ഷ്ണതയോടെ നിർവ്വഹിക്കുന്ന മിഷണറിമാരെ രൂപീകരിക്കാൻ നമുക്കു സാധിക്കുകയുള്ളൂ. ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ അജപാലന പ്രേഷിത പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതാണ്. ഇതിനായി ഭാരതത്തിലെ 132 ലത്തീൻ കത്തോലിക്ക രൂപതകളെയും 564 സന്ന്യാസ സമൂഹങ്ങളെയും സഹായിക്കുക എന്നതാണ് കമ്മ്യൂണിയോ ഇന്ത്യയുടെ പ്രഥമ ലക്ഷ്യം.

ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയെ ഒരു വിശാല കുടുംബമായി കണ്ട് നമ്മുടെ ഇടയിലെ ആവശ്യക്കാരായ സഹോദരീ സഹോദരന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന പങ്കുവയ്ക്കലിന്റെ നവ്യമായ സംസ്കാരം രൂപപ്പെടുത്തുക എന്നതും കമ്മ്യൂണിയോ ഇന്ത്യയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. പ്രേഷിത പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനും മിഷണറിമാരെ സഹായിക്കുവാനും പ്രേഷിത പ്രവർത്തനം നിർവഹിക്കാൻ നമ്മുടെ അല്മായ സമൂഹത്തെ പ്രോത്സാഹിപ്പിക്കാനും "കമ്മ്യൂണിയോ ഇന്ത്യ" ലക്ഷ്യം വയ്ക്കുന്നു. മിഷണറിമാർക്കു വേണ്ടി പ്രാർത്ഥിക്കാനും പ്രാർത്ഥനയിലൂടെ മിഷണറിയാകാനും നമ്മുടെ ചെറിയ സാമ്പത്തിക സഹായത്തിലൂടെ ഭാരതത്തിലെ

ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയെ ഒരു വിശാല കുടുംബമായി കണ്ട് നമ്മുടെ ഇടയിലെ ആവശ്യക്കാരായ സഹോദരീ സഹോദരന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന പങ്കുവയ്ക്കലിന്റെ നവ്യമായ സംസ്കാരം രൂപപ്പെടുത്തുക എന്നതും കമ്മ്യൂണിയോ ഇന്ത്യയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്.

നമ്മുടെ ഓരോരുത്തരുടേയും പ്രേഷിത പ്രവർത്തനത്തിലുള്ള പങ്കാളിത്തമാണ് കമ്മ്യൂണിയോ ഇന്ത്യ ഞായറിന്റെ സമുചിതമായ ആചരണത്തിലൂടെ നാം പ്രകടമാക്കേണ്ടത്. അന്നേ ദിവസം ഭാരതത്തിലെ ലത്തീൻ കത്തോലിക്ക സഭയുടെ അജപാല മിഷൻ പ്രവർത്തനങ്ങൾക്കായി പരിമിതമായ സാഹചര്യങ്ങളിൽ ജീവൻപോലും പണയം വച്ച് ത്യാഗത്തോടെ ശുശ്രൂഷ ചെയ്യുന്ന നമ്മുടെ നിരവധിയായ മിഷണറിമാർക്കായി പ്രാർത്ഥിക്കുവാനും നമുക്കു സാധിക്കണം.

ചവറുവണ്ടികളെ വെറുതെ വിടുക

ഡോ. വിൻസെന്റ് വാരിയത്ത്

വളരെ ശാന്തനായി മൂളിപ്പാട്ടുപാടി സുഹൃത്തുമൊത്ത് കാറോടിച്ചു പോകുന്ന യുവാവ്.

എതിരെ കാറോടിച്ചു വന്നയാൾ ശ്രദ്ധയില്ലാതെ യുവാവിന്റെ കാറിൽ വന്നിടിച്ചു. നിയമം തെറ്റിച്ചതും അശ്രദ്ധകാട്ടിയതും അയാൾ. എന്നിട്ടും അയാൾ തന്നെ തെറിവാക്കുകളും മറുവാക്കുകളുമൊക്കെയായി വെറുതെ ഒച്ചവയ്ക്കുകയാണ്. യുവാവ് അപ്പോഴും അക്ഷോഭ്യൻ. നിശ്ശബ്ദൻ. ക്രുദ്ധവാക്കുകളുടെ പെരുമഴക്കാലം തീർന്നപ്പോൾ അയാൾ പുഞ്ചിരിച്ച് ശാന്തനായി കൈവീശി ആശംസ നേർന്നു.

കൂടെയുള്ള ചങ്ങാതിക്ക് ഈ പ്രതികരണം അവിശ്വസനീയവും അസഹ്യവും.

'ആ റാസ്ക്കലിനെ നീയൊന്നും പറയാഞ്ഞതെന്തേ? ശരിക്കും ചെകിടടിച്ചു പൊട്ടിക്കണമായിരുന്നു'

യുവാവ് പുഞ്ചിരിയോടെ മറുപടി പറയുന്നു:

"ചില മനുഷ്യർ ചവറുവണ്ടിപോലെയാണ്. അകത്തുനിറയെ ചവർ, ദേഷ്യം, വെറുപ്പ്, വൈരാഗ്യം... അവരുടെ ചവറുവണ്ടി നമ്മെ വന്നിടിച്ചേക്കാം. പക്ഷേ, അവരുടെ ചവർ നാം എന്തിന് ഉള്ളിലേക്കെടുക്കണം!

അയാളുടെ ചവറ് ഞാനേറ്റെടുക്കില്ലെന്നു ഞാൻ തീരുമാനിച്ചു.

ജീവിതത്തിലുടനീളം കണ്ടുമുട്ടുന്നവരുടെയൊക്കെ ചവറും ശേഖരിച്ച് സ്വയം ചവറുവണ്ടികളായി മാറിയവരാണ് നാം. ടർക്കീഷ് പഴമൊഴി ഇങ്ങനെ:

The dog barks and barks:

The caravan is going on and on

വഴിയോരത്ത് പട്ടി കുരച്ചുകൊണ്ടേയിരിക്കുന്നു. ഒട്ടകക്കൂട്ടം മുന്നോട്ടു പൊയ്ക്കോണ്ടേയിരിക്കുന്നു. പട്ടി കുരച്ചാൽ ഏറെ ഉയരമുള്ള ഒട്ടകത്തിനെന്തു പ്രശ്നം! ഉയരത്തിലുള്ളവർക്ക് താഴെക്കിടയിലുള്ളവരുടെ കുര ഒന്നുമല്ല. അതവരെ തൊടില്ല.

അഹങ്കാരിയാണ് ഞാൻ. ആരുടെയും അടിമയായിരിക്കാൻ എനിക്കു പറ്റില്ല. അതുകൊണ്ട് എന്റെ മൂഡുകൾ പുറത്തുനിന്നാരെങ്കിലും നിശ്ചയിക്കാൻ ഞാനനുവദിക്കുകയില്ല എന്നൊരു തീരുമാനം ഞാനെടുത്തു.

പൊതുവെ ശാന്തനായി ജീവിക്കുന്ന ഒരു സന്ന്യാസ വൈദികനോട് 'സദാ മന്ദഹാസമണിഞ്ഞ ശാന്തത' യുടെ രഹസ്യമെന്തെന്ന് ഒരാൾ ചോദിച്ചു.

അദ്ദേഹത്തിന്റെ ഉത്തരം: 'അഹങ്കാരിയാണ് ഞാൻ. ആരുടെയും അടിമയായിരിക്കാൻ എനിക്കു പറ്റില്ല. അതുകൊണ്ട് എന്റെ മൂഡുകൾ പുറത്തുനിന്നാരെങ്കിലും നിശ്ചയിക്കാൻ ഞാനനുവദിക്കുകയില്ല എന്നൊരു തീരുമാനം ഞാനെടുത്തു.

I choose my mood; I choose my happiness

That's why I'm at peace...!"

കുപനിറഞ്ഞ ഈ അഹങ്കാരം നല്ലതല്ലേ! ഇത് ഇംഗ്ലീഷ് പഴമൊഴി കൂട്ടിച്ചേർത്തു വായിക്കണം.

No one can make you angry without your consent.

നിങ്ങളുടെ അനുവാദം കൂടാതെ നിങ്ങളെ ദേഷ്യപ്പെടുത്താൻ ആർക്കുമാവില്ല... ആരുടെയെങ്കിലും ചവറുവണ്ടിയിൽനിന്ന് ചവറ് നിങ്ങളുടെ ഉള്ളിലേക്ക് വീണെന്നു കരുതി നിങ്ങൾ ചവറ് ആയി മാറിപ്പോവേണ്ടതില്ല!

നല്ല ഗുരു ദേഷ്യപ്പെടാത്തയാളല്ല.

അദ്ദേഹം ദേഷ്യപ്പെടും. എന്നാൽ, അതുമിതും തന്നെ ദേഷ്യപ്പെടുത്തുന്നു എന്ന് അദ്ദേഹം പറയാറില്ല.

He chooses to be angry.

അരിസ്റ്റോട്ടിലിന്റെ ഉപദേശം അദ്ദേഹത്തിനു ധ്യാനമാണ്.

"Be angry in the right place
in the right manner

with the right person for the right reason"

ഗുരുവിന്റെ ശകാരം അസ്ഥാനത്തുള്ള അപസ്വരമല്ല. കാരണം മൂഡുമാറ്റത്തിന്റെ കീഴ്സ്ഥായി (low pitch) അല്ല ഗുരുവിന് ദേഷ്യം. ഗുരുവിന്റെ ദേഷ്യം സ്നേഹത്തിന്റെ high pitch ആണ്. അവബോധമുള്ളവർ ശാന്തരാകുന്നത്, പൂവ് വിടരുംപോലെയുള്ള സ്വാഭാവികതയാണ്.

ഏറെ നിന്ദിക്കുന്നയാളുടെ മുന്നിൽ ശാന്തനായി നിന്ന ബുദ്ധനോട് അങ്ങ് ഒന്നു ദേഷ്യപ്പെട്ടിരുന്നെങ്കിൽ അവൻ ഇത്രയും അങ്ങയെ തരംതാഴ്ത്തില്ലായിരുന്നു എന്നു ശിഷ്യർ പരാതിസ്വരത്തിൽ പറഞ്ഞു.

രണ്ടു കാര്യങ്ങൾ ഇവിടെ ശ്രദ്ധിക്കണം.

ഒന്ന്. അയാളെന്നെ തരംതാഴ്ത്തിയിട്ടില്ല. എന്നെ താഴ്ത്തുകയോ ഉയർത്തുകയോ ചെയ്യുന്നത് അയാളല്ല. ഞാൻ ആണ്. ആ അവകാശം ഞാനാർക്കും വിട്ടുകൊടുക്കില്ല.

രണ്ട്. അയാളുടെ നിന്ദനം - അതൊരു സമ്മാനമാണ്. നൽക പ്പെടുന്ന സമ്മാനം, ഒരാൾ നിരസി ച്ചാൽ നൽകിയവനിലേക്കുതന്നെ അതു തിരികെ പോകില്ലേ? സമ്മാനം ഞാൻ നിരസിക്കുന്നു...

മലർന്നുകിടന്ന് ആകാശത്തേക്ക് നോക്കി തുപ്പുന്നവനെപ്പോലെ അയാൾ... ആകാശം ആ ഉച്ഛിഷ്ടം സ്വീകരിക്കില്ല. അതിനാൽ അയാ ളിലേക്കുതന്നെ അതു മടങ്ങിപ്പോകും...”

ക്ലാസ്സിൽ വിഷണ്ണനായിരിക്കുന്ന കുട്ടികളോട് അദ്ധ്യാപിക കാരണ മന്വേഷിച്ചു.

മറ്റൊരധ്യാപകൻ ക്ലാസ്സിനെ ഒന്നാകെ ഫൂൾസ് എന്നു വിളിച്ചു. “നിങ്ങൾ ഫൂൾസ് ആണോ? എങ്കിൽ വിഷമിക്കുക. ഫൂൾസ് അല്ലെങ്കിൽ എന്തിനു വിഷമിക്കണം.”

എല്ലാവരും നമ്മെക്കുറിച്ച് നല്ലതേ പറയാവൂ എന്നു ശഠിക്കുന്നതിൽ വലിയ മൗഢ്യമുണ്ട്. അഭിപ്രായ ങ്ങൾ മാറിവരും. വേലിയേറ്റവും വേലിയിറക്കവുംപോലെ.

ഓശാനവിളിയും കൊലവിളിയും തമ്മിൽ വലിയ അകലമില്ല എന്നോർക്കുന്നവന് കിട്ടുന്ന അപൂർവ്വ സമ്മാനമാണ്, ‘Holy indifference.’ വിശുദ്ധമായ നിസ്സംഗ ത. പണ്ടത്തെ വിശുദ്ധരൊക്കെ പ്രാർത്ഥിച്ചിരുന്നത് ഇതിനു വേണ്ടിയാണ്.

പണംകൊടുത്ത് കല്ലേറും തെറി കളും ഇരന്നുവാങ്ങിയ വിശുദ്ധരു ണ്ട്. പ്രധാനവഴിയിലെ തൂണിൽ ഇരുന്ന് എന്നെ തെറിപറയുക എന്ന് അവർ വിളിച്ചുപറയുകയാ ണ്. A tough weather makes a great captain എന്ന പഴമൊഴി ജീവിതത്തി ലേക്ക് അവർ ഏറ്റുവാങ്ങിയത് അങ്ങനെയാണ്. കല്ലേറും കണ്ണേറും കരുത്തു പകരുന്നു. ‘All that do not kill you makes you stronger' എന്ന് നീഷേ എഴുതിയത് ഈ അർത്ഥത്തിലാവണം. നിരന്തരം നിങ്ങളെ തെറി വിളിക്കുകയും

ദുരുദ്ദേശ്യപരവും അകാ രണവുമായ കുറ്റപ്പെടു ത്തലുകൾക്കു മുന്നി ലാണ് നല്ല മനുഷ്യൻ തളരുക. എന്നാൽ, അകാരണമായി കുറ്റ പ്പെടുത്തപ്പെടാത്ത ആരെങ്കിലും ഒരുവൻ ഈ ലോകത്ത് ജീവിച്ചി രുന്നിട്ടുണ്ടോ? അർഹി ക്കാത്തത് സ്വീകരിക്കേ ണ്ടിവരിക സാധാരണ ജീവിതനിയമമാണ്.

അതോടൊപ്പം തീർത്തും സൗജന്യ മായി നിങ്ങൾക്ക് കരുത്തു നൽകു ക്കാം.

മൂന്നാമത്തേത് തീർത്തും നിഷേധാ ത്മകമാണ്. മറ്റൊരാളുടെ അസാന്നിധ്യത്തിൽ പറയുന്ന പരദൂ ഷണം, കുറ്റംപറച്ചിൽ, അനാവശ്യ പരാതി ഇവയൊക്കെ ഇതിൽവരും. പറയുന്നവനും കേട്ടവനും ഇരു ട്ടായി പോകും.

ഭാരതീയാചാര്യന്മാർ പറയുന്നത് ഹീനസത്വന്മാർ മാത്രമേ ഇങ്ങനെ ഇരുൾഭാഷണത്തിലേർപ്പെടാറുള്ളൂ എന്നാണ്. തുള വീണ മുനിസിപ്പാ ലിറ്റി വണ്ടിപോലെയാണ് ഇത്തര ക്കാർ. അകംനിറയെ ചീഞ്ഞ ചവറ്. പോണവഴി നിറയെ ചവറ് അറി യാതെ പുറത്തേക്ക് വീഴും. നടവഴി ക്കൊക്കെ ചീഞ്ഞ മണം. When you are speaking ill of others you are not defining them; you are defining yourselves... എന്ന് ഇവർ ഓർക്കു ന്നത് നന്ന്. ഇവരുടെ മുന്നിൽ ചെന്നുപെട്ടാൽ റിയാലിറ്റിഷോ യിൽ പറയുന്നതുപോലെ you are in a danger zone എന്നുപറഞ്ഞ് തെന്നി മാറുന്നതാണു ബുദ്ധി.

‘നാറുന്നവനെ തൊട്ടാൽ തൊടുന്ന വനും നാറും’ എന്നാണു പഴമൊഴി. ചിലരൊക്കെ ഇങ്ങനെയാണ്. മാറ്റ മൊക്കെ ഇത്രയേ വരൂ എന്നൊക്കെ ചെറുചിരിയോടെ ചിന്തിച്ചാൽ മതി. മീൻകാരിയെ പൂക്കാരി പട്ടണത്തിലെ വീട്ടിൽ സ്വീകരിച്ച കഥ പഞ്ചതന്ത്രത്തിലു ണ്ട്.

പണ്ട് ഉറ്റ മിത്രങ്ങളായിരുന്നു. ഇപ്പോൾ രണ്ടിടങ്ങളിൽ താമസം. പട്ടണത്തിലെത്തിയ മീൻകാരിക്കു വേണ്ടി അത്യാർഭാടത്തോടെ പൂക്കാരി മുറിയൊരുക്കി, നിറയെ പൂമാലകൾ തൂക്കി, പൂ വിതറി, പൂമണം പരത്തി... പക്ഷേ, രാത്രി യിൽ മീൻകാരിക്കുറക്കം വന്നില്ല. പൂവിന്റെ വല്ലാത്ത മണം! തീർത്തും ഉറക്കം നഷ്ടപ്പെട്ടപ്പോൾ അവൾ പുറത്തുവച്ചിരുന്ന മീൻകുട്ട യെടുത്ത് കിടക്കയ്ക്കരുകിൽ വച്ചു. പിന്നെ മീനിന്റെ നല്ലമണം ശ്വസിച്ച് സുഖമായുറങ്ങി! മനുഷ്യമനസ്സ് പ്രവർത്തിക്കുന്നത് ഇങ്ങനെയാ ണെന്ന് ഊറിച്ചിരിച്ചൊന്നു ചിന്തി ച്ചാൽ മതി മനസ്സു തണുക്കും.

റീഡേഴ്സ് ഡൈജസ്റ്റിലെ ഏറ്റവും നല്ല ഫലിതങ്ങളിലൊന്ന്: തുടച്ചു വൃത്തിയാക്കിയ അതിസുന്ദരൻ അടുക്കളയിൽ വന്നുപെട്ട പാറ്റ നിർത്താതെ ഛർദ്ദിച്ചു പറയുന്നു: 'ഹോ! വൃത്തി! ഓക്കാനം വരുന്നു! അയ്യോ അമ്മേ!' ചില മനുഷ്യർ ഇങ്ങനെയൊക്കെയാണ്. നല്ലതു കണ്ടാലും കേട്ടാലും ഓക്കാനിക്കും. ചപ്പും ചവറും മാലിന്യവുമേ ആസ്വദിക്കൂ... എനിക്കു പരിചിതനായ ഒരാൾ വലിയ പരദൂഷണക്കാരനാണ്. incurable gossiper. അയാളെക്കുറിച്ച് സുഹൃത്തുക്കൾ പറഞ്ഞ തമാശ: നടവഴിയിൽവച്ച് അയാളെ അണലിപ്പാമ്പ് കടിച്ചു. കടിച്ച ക്ഷണം തന്നെ 'എന്റമ്മോ!' എന്നു കരഞ്ഞ് ഹൃദയംപൊട്ടി പാമ്പു ചത്തുവീണു! എന്റെ ചങ്ങാതിക്ക് അത്ര കൊടിയ വിഷമാണുള്ളിൽ. Venomous personality എന്നൊക്കെ പറയാറില്ലേ...

ഇവരിൽനിന്ന് വഴിമാറി പോകുന്നതാണ് ബുദ്ധിയെന്ന് എന്റെ ബുദ്ധി പറഞ്ഞുതരുന്നു. എന്നാൽ, ഹൃദയം മറ്റൊന്നുകൂടി പറയുന്നുണ്ട്. കൂടുതൽ സ്നേഹവും കൂടുതൽ ധൈര്യവും കൂടുതൽ ക്ഷമയുമുണ്ടെങ്കിൽ ചവറെടുത്തു കളയാനൊന്നു ശ്രമിച്ചുനോക്കുക. മറുനാട്ടിലുള്ള എന്റെയൊരു ചങ്ങാതി തന്റെ ഓഫീസ് മേശമേൽ ആർക്കും കാണാവുന്ന വിധത്തിൽ എഴുതിവച്ചിരിക്കുന്നു:

This is a gossip prohibitted area- പരദൂഷണ നിരോധിത മേഖല! എന്നും എഴുന്നേൽക്കുമ്പോൾ അയാളെടുക്കുന്ന ആദ്യതീരുമാനം പരദൂഷണം പറയില്ലെന്നാണ്. പരദൂഷകർ അദ്ദേഹത്തിന്റെ അടുക്കൽ ശരിക്കും പരാജയപ്പെടുമെന്നും ഇപ്പോൾ ഓഫീസ് മൊത്തത്തിൽ ഒരു prohibitted area ആയി എന്നും office mate സാക്ഷ്യപ്പെടുത്തുന്നു.

'മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും

കല്ലിനുമുണ്ടാമൊരു സൗരഭ്യം...' ശരിയാകാം കവിമൊഴി. തമിഴ്നാട്ടിലൊരിടത്ത് താല്ക്കാലിക താമസത്തിനിടെ കണ്ട കൗതുകക്കാഴ്ച.

ഒന്നാമത്തേത് ദൈവവിചാരവും നന്മയും നിറഞ്ഞവരുടെ സംഭാഷണമാണ്-കരുണയും പ്രത്യാശയും സൃഷ്ടിപരതയും നിറഞ്ഞുനിൽക്കും ഈ സംഭാഷണത്തിൽ. രണ്ടാമത്തേത് പ്രവൃത്തിയിലേക്കു പ്രചോദിപ്പിക്കുന്ന ഉണർവ്വിന്റെ സംഭാഷണമാണ്. ചിലപ്പോൾ ഇത് നശീകരണ വഴിയിലേക്കുള്ള കുതിപ്പിലേക്കു നയിക്കാം.

വൈകുന്നേരം ചവറുകൊണ്ടുപോകുന്ന വണ്ടി രാത്രി വൃത്തിയായി കഴുകി പൂ കൊണ്ടുപോകാനായി കൊണ്ടുവരും. ദുർഗന്ധവും മാലിന്യവും നിറഞ്ഞ ചവറുവണ്ടി ഞൊടിയിടെയാണ് പൂമണവും പൂവും നിറഞ്ഞ പൂവണ്ടിയായി മാറുക. ഞൊടിയിട കൊണ്ടല്ലെങ്കിലും മനുഷ്യരും ഇതുപോലെ മാറുമായിരിക്കാം...

ഈസോപ്പു പറഞ്ഞ കഥ ഓർമ്മവരുന്നു. കർഷകൻ പാടത്തുകൂടി നടക്കുമ്പോൾ ഹൃദയഹാരിയായ പനിനീർ പൂമണം. എങ്ങുനിന്നീ സുഗന്ധം?

ചെളിയല്ലാതെ അവിടെ മറ്റൊന്നുമില്ല. തൊട്ടടുത്തു കിടക്കുന്ന ഇളകിയ ചെളിയിൽനിന്നുതന്നെയാണ് മണം വരുന്നത്. കളിമണ്ണ് പറയുന്നു: 'അല്പം നാൾ ചെടിച്ചട്ടിയിൽ പനിനീർപ്പൂക്കൾക്കൊപ്പമാകാൻ ഭാഗ്യം ലഭിച്ചു.

പനിനീർമണം ഒഴിഞ്ഞുപോകുന്നില്ല...!'

കളിമണ്ണിനു പനിനീർപ്പൂമണം കിട്ടിയേക്കാം

ചവറുവണ്ടികൾ പൂവണ്ടികളായി മാറിയേക്കാം.

ഇതൊക്കെ പാഴ്ക്കിനാവുകളാണോ?

അറിയില്ല, കിനാവുകളാണെങ്കിൽപ്പോലും "നാം കിനാവുകൾ കാണുന്നു. നമ്മെ കിനാവുകൾ കൈപിടിച്ചെങ്ങോ നടത്തുന്നു..."

ഇവരിൽനിന്ന് വഴിമാറി
പോകുന്നതാണ് ബുദ്ധി
യെന്ന് എന്റെ ബുദ്ധി
പറഞ്ഞുതരുന്നു.
എന്നാൽ, ഹൃദയം
മറ്റൊന്നുകൂടി പറയുന്നു
ണ്ട്. കൂടുതൽ
സ്നേഹവും കൂടുതൽ
ധൈര്യവും കൂടുതൽ
ക്ഷമയുമുണ്ടെങ്കിൽ
ചവറെടുത്തു
കളയാനൊന്നു
ശ്രമിച്ചുനോക്കുക.

ജോഷ്വ 2:21

ആ ചുവന്ന ചരട് അവൾ ജനാലയിൽ കെട്ടിയിട്ടു

ഫാ. വിബിൻ ചൂതംപറമ്പിൽ

അപരിചിതരോടുള്ള അഭിമുഖങ്ങളല്ല പ്രധാനം, ആഭിമുഖ്യങ്ങളാണ്. അപരിചിതരുടെ നിസ്സഹായതകളിലേക്കു നീട്ടിയിടുന്ന ചില ചുവന്ന ചരടുകളെ ആശ്രയിച്ചിരിക്കും അവസാന വിധിയിൽ നിന്നു ചിലരൊക്കെ എലിമിനേറ്റ് ചെയ്യപ്പെടുന്നതും മറ്റു ചിലർക്കൊക്കെ എൻട്രി ലഭിക്കുന്നതും. നിരാർദ്രതയ്ക്ക് എതിരായുള്ള ആർദ്രതയുടെ ചുവന്ന ചരടുകൾ നിങ്ങളുടെ കൈവശമുണ്ടോ?

അപൂർവങ്ങളിൽ അപൂർവമായ ഒരു കാഴ്ച 1993 കാലത്തിനു സമ്മാനിച്ച് കെവിൻ കാർട്ടർ എന്ന ഫോട്ടോഗ്രാഫർ ലോകത്തിന്റെ നെറുകയിൻ ഇടംപിടിച്ചു. ക്യാമറക്കണ്ണിൽ കെവിൻ ഒപ്പിയെടുത്ത ചിത്രത്തിനാണ് ആ വർഷത്തെ മികച്ച ഫോട്ടോഗ്രഫിക്കുള്ള പുലിസ്റ്റർ പുരസ്കാരം ലഭിച്ചത്. എഴുപതിനായിരം പേരുടെ ജീവൻ കവർന്നെടുത്ത സുഡാന്റെ ദുരന്തഭൂമിയിലേക്കെത്തിയ കെവിൻ കണ്ടത് ഒരു വശത്ത് ഒരു കഷണം റൊട്ടിക്കുവേണ്ടിയും ഒരിറ്റു വെള്ളത്തിനുവേണ്ടിയും ആയിരങ്ങൾ മുറവിളി കൂട്ടുന്നതും മറുവശത്ത് കറുത്ത നിറമുള്ളൊരു കുഞ്ഞ് വിശപ്പു സഹിക്കാനാവാതെ മണ്ണു വാരിത്തിന്ന് മരിച്ചുകൊണ്ടിരിക്കുന്നതും. മുന്നിൽ കുഞ്ഞിനെയും പിന്നിൽ കഴുകനെയും ഒറ്റ ഫ്രെയിമിലാക്കി കെവിനെടുത്ത ചിത്രമാണ് ലോകത്തിന്റെ ശ്രദ്ധ ഈ ദുരന്തഭൂമിയിലേക്കെത്തിച്ചത്. പുരസ്കാരവേളയിൽ പത്രപ്രവർത്തകരിലാരോ ചോദിക്കുന്നുണ്ട്: 'ആ കുഞ്ഞിനെന്തുപറ്റി?' ഈ ചോദ്യം അവനെ വേട്ടയാടി. ഈ കുഞ്ഞിനു പിന്നിലിരുന്ന കഴുകനെ ആട്ടിയോടിക്കാനോ കുഞ്ഞിനെ രക്ഷിക്കാനോ ചെറുവിരലനക്കാൻ പോലുമോ പ്രൊഫഷനെ പ്രണയിച്ച, ക്യാമറയെ പ്രണയിച്ച കെവിനായില്ല. മൂന്നു മാസങ്ങൾക്കുശേഷം ഞെട്ടിക്കുന്ന വാർത്ത ലോകം വായിച്ചു. കെവിൻ ആത്മഹത്യ ചെയ്തിരിക്കുന്നു! ആത്മഹത്യ കുറിപ്പിൽ 'ഈ കാലത്തിനോടും ആ കറുത്ത കുഞ്ഞിനോടും മാപ്പു ചോദിച്ച് മടങ്ങുന്നു' എന്ന വരികൾ മാത്രം.

2010 ജനുവരി, മലയാളികൾ ബെഡ് കോഫിയോടൊപ്പം പത്രത്തിന്റെ താളുകൾ മറിച്ചപ്പോൾ വേദനിപ്പിക്കുന്നൊരു ദൃശ്യം: ബസ്സിന്റെ ചക്രത്തിനടിയിൽ ജീവനുവേണ്ടി പിടയുന്നൊരു സ്ത്രീ. മൊബൈൽ ക്യാമറകൾ ഉയർത്തിപ്പിടിച്ച് ഈ കാഴ്ച പകർത്താൻ ശ്രമിക്കുന്ന ഒരുപറ്റം ആളുകൾ. മൊബൈൽ ക്യാമറകളൊക്കെ സജീവമായിത്തുടങ്ങിയ കാലത്ത് മലയാളികൾ പകർത്താൻ ശ്രമിക്കുന്ന നിരാർദ്രമായ കാഴ്ച. കൈയെത്തും ദൂരത്തുള്ള, കണ്ണെത്തും ദൂരത്തുള്ള, കാണാമറയത്തുള്ള, ആർക്കൊക്കെയോ നേരേ കരുണയുടെ ഹൃദയവാതിലുകൾ അടച്ചുകളയുന്ന ആയിരം കഥകളിൽ ഇതെല്ലാം ചിലതുമാത്രം.

ഈ വീടിനകത്ത് ഇസ്രായേലിന്റെ ചാരന്മാരാരെങ്കിലും ഉണ്ടോ എന്ന ചോദ്യത്തിന്, വേശ്യാലയത്തിന്റെ വാതിലും തുറന്നു നില്ക്കുന്ന റാഹാബിന്റെ മൊഴികൾ നിർണായകമായിരുന്നു. ഇസ്രായേലിന്റെ മുന്നോട്ടുള്ള സഞ്ചാരം സങ്കീർണമാക്കാനും കാനാൻ ദേശത്തേക്കുള്ള പ്രവേശനം അസാധ്യമാക്കാനും അവളുടെ അനുകൂലമായ ഉത്തരം ധാരാളമായിരുന്നു. ജോഷ്വ

യുടെ രണ്ടു ദൂതന്മാർക്കും ജറീക്കോ രാജാവിന്റെ രണ്ടു ദൂതന്മാർക്കുമിടയിൽ ഈ നേരത്ത് അവൾ ചെങ്കോട്ടപോലെ നിന്നു. വശ്യമായ ചിരിയിലൂടെ അന്വേഷകരുടെ ദിശമാറ്റിവിട്ടു. വീടിന്റെ മട്ടുപ്പാവിൽ ചണത്തുണ്ടുകൾക്കിടയിൽ അവൾ ഒളിപ്പിച്ചിരുന്ന രണ്ട് ദൂതന്മാരെ ചുമരിൽ തൂക്കിയ കയറിലൂടെ അവൾ താഴേക്ക് ഇറക്കിവിടുന്നു. പോകാൻ ഒരുങ്ങുമ്പോൾ വിനയാന്വിതയായി കെഞ്ചുന്നു: നിങ്ങൾ തിരികെ വന്ന് ഈ ദേശം ആക്രമിക്കുമ്പോൾ എന്നെയും കുടുംബത്തെയും കരുണയോടെ സംരക്ഷിക്കണം. ജനാലയിൽ നീയൊരു ചരടു തൂക്കിയിടണമെന്നും ഈ ചരടിന്റെ അടയാളത്തിൽ നിന്നെയും കുടുംബത്തെയും പരിപാലിക്കാമെന്നും ആ അപരിചിതർ വാക്കുകൊടുക്കുമ്പോൾ അവൾ ജനാലയിൽ ഒരു ചുവന്ന ചരട് കെട്ടിയിട്ടു. പിന്നീട് ഏഴുദിവസം പട്ടണത്തിനു ചുറ്റും ഇസ്രായേൽ വലംവച്ചും കാഹളം മുഴക്കിയും ആർത്തട്ടഹസിച്ചും ജറീക്കോ പിടിച്ചെടുക്കുമ്പോൾ ഈ ചുവന്ന ചരടിന്റെ അടയാളം കണ്ട് അവളുടെ വീടിനെ മാത്രം വെറുതെ വിടുന്നു.

അപരിചിതരായവരുടെ നൊമ്പരങ്ങളിലേക്ക് നിങ്ങൾ നിർത്തിയിടുന്ന കരുണയുടെ ചില ചുവന്ന ചരടുകളാണ് ചുറ്റുപാടുകൾക്ക് ഇന്ന് ആവശ്യം. കണ്ണൂരിലെ പട്ടുവം ഇടവകയിൽ ദീനസേവന സഭാംഗങ്ങളായ സിസ്റ്റേഴ്സിന്റെ കോൺവെന്റുണ്ട്. ദൈവശാസ്ത്ര പഠനകാലത്ത് ആ ഇടവകയിൽ ശുശ്രൂഷയ്ക്കായി എത്തിയ ദിവസങ്ങളിലൊന്നിൽ സിസ്റ്റേഴ്സ് പറഞ്ഞു: നാളെ ബ്രദറിന് ഒരു കാഴ്ച കാണിച്ചുതരാം. പിന്നേറ്റ് അവർ കോൺവെന്റിന്റെ ഉള്ളിലെ ഒരു മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. വാതിൽ തുറന്നപ്പോൾ അതിശയത്തോടെ നിന്നുപോയി. മുറി നിറയെ കുഞ്ഞുകുഞ്ഞു തൊട്ടിലുകൾ. തൊട്ടിലിനു മീതേയായി തൂക്കിയിട്ടിരിക്കുന്ന കളിപ്പാട്ടങ്ങളെ നോക്കി കരയുകയും ചിരിക്കുകയും ചെയ്യുന്ന കൈക്കുഞ്ഞുങ്ങൾ. അതിരാവിലെ ഗേറ്റിനു പുറത്ത് പത്രമെടുക്കാൻ

മൊബൈൽ ക്യാമറകളൊക്കെ സജീവമായിത്തുടങ്ങിയ കാലത്ത് മലയാളികൾ പകർത്താൻ ശ്രമിക്കുന്ന നിരാർദ്രമായ കാഴ്ച. കൈയെത്തും ദൂരത്തുള്ള, കണ്ണെത്തും ദൂരത്തുള്ള, കാണാമറയത്തുള്ള, ആർക്കൊക്കെയോ നേരേ കരുണയുടെ ഹൃദയവാതിലുകൾ അടച്ചുകളയുന്ന ആയിരം കഥകളിൽ ഇതെല്ലാം ചിലതുമാത്രം.

ചെല്ലുമ്പോൾ ആരൊക്കെയോ ഉപേക്ഷിച്ച കുഞ്ഞുങ്ങൾ ചിലപ്പോൾ അതിനുമീതേയുണ്ടാകും. മറ്റു ചിലപ്പോൾ വഴിയോരങ്ങളിൽനിന്നും കുപ്പത്തൊട്ടിലുകളിൽനിന്നും കണ്ടുകിട്ടുന്ന കുഞ്ഞുങ്ങളെ ആരെങ്കിലും ഇവിടെ ഏല്പിക്കും. ഇത്രയും കുഞ്ഞുങ്ങളെ നോക്കുന്നത് ഭാരമാവുകയില്ലേയെന്നു ചോദിച്ചപ്പോൾ ഇവരൊന്നും ഭാരമല്ല, ഭാഗ്യമാണെന്നായിരുന്നു ഈ അമ്മക്കന്യാസ്ത്രീമാരുടെ വാദം. കളിപ്പാട്ടങ്ങളോടൊപ്പം തൂങ്ങിയാടുന്ന കനിവിന്റെ ഈ ചുവന്ന അമ്മച്ചരടിൽ തൂങ്ങിയാണ് പതിയെപ്പതിയെ ഈ കുഞ്ഞുങ്ങളൊക്കെ ഓരോരോ ജീവിത സരണികളിലേക്ക് യാത്രയാവുന്നത്. പറക്കമുറ്റുംവരെ ചൂടേകാൻ പ്രിയമുള്ളവരാകുന്ന ഇൻക്യുബേറ്ററുകൾ തന്നെ അരികിലുണ്ടാവണമെന്ന് നിർബന്ധമില്ലെന്നും ഈ അമ്മമാർ പറഞ്ഞവസാനിപ്പിക്കുന്നു.

വൈറ്റിലയിൽനിന്ന് ഇടപ്പള്ളിയിലേക്കുള്ള യാത്രയ്ക്കിടയിൽ പാലാരിവട്ടം സിഗ്നലിൽ കിടക്കുമ്പോൾ പലവർണങ്ങളിലുള്ള കാലൻകുടകളുമായി ഒരു നോർത്ത് ഇന്ത്യൻ പെൺകുട്ടി ഓരോരോ വണ്ടികളുടെയും ജാലകച്ചില്ലിൽ മുട്ടുന്നത് എല്ലാവരും കൗതുകത്തോടെ നോക്കി. അകലെയൊരു മഴക്കാറുള്ളതുകൊണ്ടും അപൂർവ്വമായൊരു ഭംഗി ആ കുടകൾക്കുള്ളതുകൊണ്ടും കച്ചവടം വേഗത്തിലായിരുന്നു.

അവസാനത്തെ കുട മേടിച്ചത് ഞങ്ങളും. പച്ചവെളിച്ചം തെളിയുമ്പോഴേക്കും, പെയ്തൊഴിയാൻ കാത്തിരുന്ന കാർമേഘങ്ങൾ ശക്തമായി പെയ്തു. വണ്ടികൾ ഓരോന്നായി മുന്നോട്ടെടുക്കുമ്പോൾ കണ്ടൊരു കാഴ്ച വേദനിപ്പിക്കുന്നതായിരുന്നു. ഇത്രയുംനേരം കുടകൾ വിറ്റിരുന്ന പെൺകുട്ടി കൈയിലൊരു കുടപോലുമില്ലാതെ മീഡിയനിൽ കയറിനിന്ന് മഴയിൽ നനഞ്ഞൊലിക്കുന്നു. ചുവന്ന ചരടുകൾ ഇല്ലാത്തതിന്റെ നൊമ്പരം ആ മഴത്തുള്ളികൾക്കിടയിലൂടെ അകന്നകന്നുപോയ അവളുടെ കണ്ണുകളിലുണ്ടായിരുന്നു. ആ കുട ആദ്യം ചൂടുമ്പോൾ നനഞ്ഞുനില്ക്കുന്ന നിസ്സഹായയായ ആ പെൺകുട്ടിയുടെ മുഖമുണ്ടായിരുന്നു മനസ്സിൽ. പിന്നെ എളുപ്പത്തിൽ മറന്നു!

കരുണയുടെ ചുവന്ന ചരട് തൂക്കിയിട്ട റാഹാബ് പതിയെ ഇസ്രായേലിന്റെ ഭാഗമായി. പിന്നെ ക്രിസ്തുവിന്റെ മുത്തശ്ശിയാകാനുള്ള ഭാഗ്യവും ലഭിച്ചു. അപരിചിതർക്ക് ആവാസമൊരുക്കുന്ന സമീപനങ്ങൾ, ഒരുപക്ഷേ ഭാരമായിരിക്കും ആദ്യം. ഒടുവിലത് നിശ്ചയമായും നമ്മുടെ ഭാഗ്യമായി മാറും.

പാപ്പായോടൊപ്പം ഒരു സെൽഫി

സകല ശബ്ദങ്ങളെയും ഭേദിച്ചു കൊണ്ട് ഹെലികോപ്ടറിന്റെ ഇരമ്പൽ. വലിയ കാറുകൾ, കറുത്ത സ്യൂട്ടിൽ കുറെ ആളുകൾ. ഒരു ഹോളിവുഡ് സിനിമയുടെ സെറ്റിലാണ് ഞങ്ങൾ എന്ന് ഒരുനിമിഷം കരുതിപ്പോയി.

ലോകത്തിന്റെ പല കോണുകളിൽ നിന്നെത്തിയ ഞങ്ങൾ പത്തുപേർ (യു.എസ്, ഓസ്ട്രേലിയ....) അതിൽ ജീസസ് യൂത്തിന്റെ ഇന്റർനാഷണലിന്റെ പ്രതിനിധിയായി ഞാനും. വരാനിരിക്കുന്ന ആ വലിയ അനുഭവത്തിനു ഞങ്ങൾ എത്രത്തോളം ഒരുങ്ങിയിരുന്നു! തീർച്ചയായും ഞങ്ങൾ ഇനിയും ഒരുങ്ങേണ്ടിയിരിക്കുന്നു. പ്രതിനിധികളിൽനിന്ന് ഞങ്ങൾക്ക് കുറച്ചു നിർദ്ദേശങ്ങളും ലഭിച്ചിരുന്നു. അതിലൊന്ന് ഇതായിരുന്നു: ഇതൊരു അനൗദ്യോഗിക വിരുന്നു മാത്രമാണ്. പിതാവ് വളരെ ലാളിത്യം ഇഷ്ടപ്പെടുന്ന ആളാണ്. അനാവശ്യ ആകുലതകൾ ആവശ്യമേയില്ല. മറ്റൊന്ന്, വളരെയധികം പരിപാടികൾ ഉള്ളതുകൊണ്ട് പാപ്പാ വളരെ ക്ഷീണിതനായിരിക്കും. അദ്ദേഹത്തെ അധികസമയം നിർത്തരുത്. എന്നാൽ ഈ അവസ്ഥയിൽ ഞങ്ങളുടെ ആകുലതകൾ ശമിപ്പിക്കാൻ ഒരു നിർദ്ദേശങ്ങൾക്കും കഴിഞ്ഞില്ല.

ഇതാ വരുന്നു പാപ്പാ...

നമ്മുടെ വലിയ ഇടയൻ ആ കൊച്ചുകാറിൽ നിന്ന് പുറത്തിറങ്ങിയതോടെ അന്തരീക്ഷം ആകെ മാറി. അദ്ദേഹത്തിന്റെ പുഞ്ചിരി ആ മുറിയിലാകെ കൃപയും സമാധാനവും നിറച്ചു.

മുന്നോട്ട് നീങ്ങവേ, പിതാവിനായി കാത്തുനിന്ന ഓരോരുത്തരെയും അഭിവാദനം ചെയ്ത് അദ്ദേഹം നടന്നു നീങ്ങി. മനോഹരമായ പുഞ്ചിരിയോടെ പിതാവ് ഞങ്ങൾ ഓരോരുത്തരെയും സ്വീകരിച്ചു. എല്ലാവരും തീൻമേശയ്ക്ക് ചുറ്റും ഒത്തുകൂടി. പിന്നെ വലിയ നിശ്ശബ്ദത. പാപ്പാ ഞങ്ങൾ ഓരോരുത്തരെയും വാത്സല്യത്തോടെ നോക്കി "വിശക്കുന്നുണ്ടോ" എന്ന പരിശുദ്ധപിതാവിന്റെ ചോദ്യത്തിന് ഉണ്ടെന്ന് ഞങ്ങൾ മറുപടി നൽകി. ചെറിയ പ്രാർത്ഥനയ്ക്ക് ശേഷം ഭക്ഷണം ചൂണ്ടിക്കാട്ടി പിതാവ്.

ഓരോ രാത്രിയും സമാധാനത്തോടെ കിടന്നുറങ്ങാൻ പിതാവിന് കഴിയണേ എന്ന് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇക്കാര്യം അറിയിച്ചപ്പോൾ പാപ്പാ പറഞ്ഞ മറുപടി എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകില്ല. "നിങ്ങളുടെ പിതാവിനെ നിങ്ങൾ തന്നെ കരുതലോടെ കാത്തുപാലിക്കുക."

ഞാൻ പരിശുദ്ധ പിതാവിനൊപ്പം, കത്തോലിക്ക സഭയുടെ തലവനൊപ്പം ഒരേ തീൻമേശയിൽ. അതുവരെ നടന്നതെല്ലാംകൂടി (ഫ്ളൈറ്റ് യാത്രകൾ, നഷ്ടപ്പെട്ട ലഗേജ്, മേജർ സെമിനാരിയിലെ അതീവ സുരക്ഷ, അവിടത്തെ വലിയ ഒരുക്കങ്ങൾ). ഒരു കഥയെഴുതാം). അനുഗ്രഹത്തിന്റെ ഈ വലിയ നിമിഷത്തിലേക്ക് ഒരുക്കിയതുപോലെ ഞാൻ ആയിരിക്കുന്ന ഈ നിമിഷം! അത് യാഥാർത്ഥ്യം തന്നെ!

ഞങ്ങൾ തീൻമേശയ്ക്കു ചുറ്റുമിരുന്നു. സ്വയം പരിചയപ്പെടുത്തലായിരുന്നു പിന്നീട്. എന്റെ ഊഴമെത്തിയപ്പോൾ ഞാൻ പാപ്പയോട് പറഞ്ഞു: ഞാൻ ഇന്ത്യയിൽനിന്നാണെന്ന്. അദ്ദേഹം എന്നോട് സ്പാനിഷ് അറിയുമോ എന്ന് ആരാഞ്ഞു. (അവിടെ ഉണ്ടായിരുന്ന ബാക്കിയെല്ലാവർക്കും അറിയാമായിരുന്നു) ഞാൻ ഭവ്യതയോടെ മറുപടി നൽകി. എന്റെ അരികിലിരിക്കുന്ന Brienda (US) എനിക്ക് തർജ്ജമ ചെയ്തു തരാം എന്ന് ഏറ്റിട്ടുണ്ട്. "ഞാൻ പറയുന്ന എല്ലാ കാര്യങ്ങളും അവനു മനസ്സിലാക്കി കൊടുക്കണം" പാപ്പാ ബ്രിന്റയോട് പറഞ്ഞു. അവിടെ ഞാൻ കാണുകയായിരുന്നു പിതാവിന്റെ താല്പര്യം, അതിരില്ലാത്ത വാത്സല്യം. ആ കൂട്ടത്തിൽ ഞാൻ ഒറ്റപ്പെട്ടു പോകരുതെന്ന വലിയ കരുതൽ (ഞാൻ പറഞ്ഞില്ലേ എത്ര വശ്യമാണ് പാപ്പായുടെ പുഞ്ചിരി എന്ന്)

മാർപാപ്പ പിന്നീട്, ഞാൻ ഇന്ത്യയിൽ എവിടെനിന്നാണെന്നു ആരാഞ്ഞു. കേരളത്തിൽ നിന്നാണെന്ന് പറഞ്ഞപ്പോൾ പിതാവിന് വലിയ സന്തോഷം! കേരളത്തിലെ വിവിധ റീത്തുകളെപ്പറ്റിയും, നമ്മുടെ ബിഷപ്പുമാരെപറ്റിയും പാപ്പാ വാചാലനായി. ലോകയുവജന ദിനത്തിനായി ഒത്തുകൂടിയ എല്ലാവരോടും കേരളംഎവിടെയാണെന്ന് പറഞ്ഞുമനസ്സിലാക്കാൻ കഷ്ട

പ്പെട്ട എനിക്ക് അതൊരദ്ഭുതമായി തോന്നി. ഇന്ത്യ തന്റെ ഹൃദയത്തിനു എത്രത്തോളം പ്രിയപ്പെട്ടതാണെന്ന് കാണിക്കുവാൻ തന്റെ ഇരുകൈകളും നെഞ്ചോടു ചേർത്തുവച്ചു പാപ്പാ. "ഇന്ത്യ എനിക്ക് അത്രയേറെ പ്രിയപ്പെട്ടതാണ്. എന്റെ നെഞ്ചോട് ചേർന്നിരിക്കുന്ന ഒന്ന്" വാക്കുകൾക്ക് തർജ്ജിമ അനാവശ്യമായിരുന്നു.

പരിചയപ്പെടലുകൾക്ക് ശേഷം ചോദ്യോത്തരവേളയായിരുന്നു. പനാമയിലെ താമസത്തെ പറ്റി തുടങ്ങിയ ചോദ്യങ്ങൾ പിന്നീട് വിവിധ രാജ്യങ്ങളിലെ രാഷ്ട്രീയം, ലൈംഗിക അരാജകത്വം തുടങ്ങി വളരെ കാലികപ്രസക്തമായ വിഷയങ്ങളിലേക്ക് കടന്നു. ഞങ്ങളുടെ ഓരോ ചോദ്യത്തിനും വളരെ തുറന്ന മനസ്സോടെ പാപ്പാ സ്പഷ്ടമായ മറുപടി നൽകി. ആ തീൻമേശയ്ക്ക് ചുറ്റും ഒരു കുടുംബം എന്നപോലെ ഞങ്ങൾ ചെലവഴിച്ചു. ലൈംഗിക ചൂഷണത്തെപ്പറ്റി മറുപടി പറയുമ്പോൾ ആ വാക്കുകളിൽ തെളിഞ്ഞു നിന്നത് ഇരകളോടുള്ള അലിവും സഹതാപവും ആയിരുന്നു. ചൂഷണത്തിന് ഇരയാക്കപ്പെട്ടവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചതിനൊപ്പം പാപ്പാ മറ്റൊരുകാര്യം കൂടി കൂട്ടിച്ചേർത്തു. തീക്ഷ്ണമായ പ്രാർത്ഥനയും ഒത്തൊരുമയും എത്രയോ ആവശ്യമാണെന്ന്. അവരോടുകൂടെ ആയിരിക്കാനും ആവശ്യമായ താങ്ങും തണലും ആകാനും നമുക്ക് കഴിയണമെന്നും പാപ്പാ ഓർമ്മിപ്പിച്ചു. ഇതത്രയും പറയുമ്പോൾ മാർപാപ്പ വളരെ വികാരാധീനനായി കാണപ്പെട്ടു.

ഓരോ വാചകത്തിനും ശേഷം ബ്രിന്റയുടെ തർജ്ജിമയ്ക്കായി പാപ്പ സമയം നൽകി. അവൾ മറന്നുപോയപ്പോഴെല്ലാം വളരെ വാത്സല്യത്തോടെ ഓർമ്മപ്പെടുത്തി. ആ കൂട്ടത്തിലെ ആരും ഒറ്റപ്പെട്ടുപോകാതിരിക്കാൻ മാർപ്പാപ്പ പ്രത്യേകം ശ്രദ്ധിച്ചു.

ഇന്ത്യൻ സന്ദർശനത്തെപ്പറ്റി ചോദിച്ചപ്പോൾ, സർക്കാരിന്റെ അനുമതിക്കായി കാത്തിരിക്കുകയാണ്. അത് കിട്ടിയാൽ ഉടൻ വരും എന്നായിരുന്നു പരിശുദ്ധ പിതാവിന്റെ സ്നേഹവാഗ്ദാനം. സമയം വേഗത്തിൽ കടന്നു പൊയ്ക്കൊണ്ടിരുന്നു. ഒപ്പം ഞങ്ങൾക്കായി ഒരുക്കിയ നാടൻ പനാമ വിഭവങ്ങളും. സംസാരത്തിൽ മുഴുകി പോയതുകൊണ്ട് എന്താണ് കഴിച്ചതെന്നു പോലും ഞാൻ ഓർക്കുന്നില്ല.

ഡെസേർട്ട് കഴിച്ചുകൊണ്ടിരിക്കവേ ഇനി എന്തെങ്കിലും ചോദ്യം ബാക്കിയുണ്ടോ എന്ന് പിതാവ്– ഞാൻ ഒരു ചെറിയ ചോദ്യം ചോദിച്ചു. "പാപ്പാ എത്രസമയം ഉറങ്ങും?" ഒരു ചെറിയ പുഞ്ചിരിയോടെ നമ്മുടെ പരിശുദ്ധ പിതാവ് പറഞ്ഞു: 6 മണിക്കൂർ.

പാപ്പയെ കാണാൻ കഴിയും എന്നറിഞ്ഞ നാൾമുതൽ എന്റെ ചിന്ത ഇതായിരുന്നു. പിതാവിനുവേണ്ടി എനിക്ക് എന്താണ് പ്രത്യേകമായി പ്രാർത്ഥിക്കാൻ കഴിയുക. സമാധാനമായി കിടന്നുറങ്ങുക എന്നത് എത്രയോ പ്രധാനവും ബുദ്ധിമുട്ടേറിയതും ആണെന്ന് ഞാൻ തിരിച്ചറിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഓരോ രാത്രിയും സമാധാനത്തോടെ കിടന്നുറങ്ങാൻ പിതാവിന് കഴിയണേ എന്ന് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇക്കാര്യം അറിയിച്ചപ്പോൾ പാപ്പാ പറഞ്ഞ മറുപടി എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകില്ല. "നിങ്ങളുടെ പിതാവിനെ നിങ്ങൾ തന്നെ കരുതലോടെ കാത്തുപാലിക്കുക."

ഭക്ഷണത്തിനുശേഷം, പിതാവിനായി ഞങ്ങൾ കാത്തുവച്ച സമ്മാനങ്ങൾ കൈമാറി. ജീസസ് യൂത്തിന്റെ വകയായി ഒരു ഉപഹാരം ഞാനും നൽകി. പാപ്പയോടൊപ്പം സെൽഫിയെടുക്കാനുള്ള അടങ്ങാത്ത ആഗ്രഹം അറിയിച്ചപ്പോൾ, നിറപുഞ്ചിരിയോടെ പോസ് ചെയ്തു. കത്തോലിക്ക സഭയുടെ വലിയ ഇടയൻ തനിക്കുവേണ്ടി ഇനിയും പ്രാർത്ഥിക്കണമെന്നു സ്നേഹത്തോടെ ഓർമ്മിപ്പിച്ചു.

പരിശുദ്ധ പിതാവെന്ന് പൂർണ്ണ അർത്ഥത്തിൽ വിളിക്കുമാറ് സൗമ്യവും സ്നേഹാർദ്രവും പിതൃതുല്യവുമായ ഒരു ചൈതന്യം പിതാവിൽ വിളങ്ങിയിരുന്നു. എന്നെന്നും ഓർമ്മിക്കാൻ മനോഹരമായ ഒരു അനുഭവം!

ജീസസ് യൂത്തിനെ പ്രതിനിധീകരിച്ചു പാപ്പയെ കാണാൻ കഴിഞ്ഞതിൽ ഞാൻ അങ്ങേയറ്റം കൃതാർത്ഥനാണ്. ദൈവത്തിന്റെ സ്നേഹം, അവിടുത്തെ കരുതൽ, കൃപാകടാക്ഷം ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് ഒഴുകിയിറങ്ങുകയായിരുന്നു, പരിശുദ്ധ പിതാവിലൂടെ....

പിന്നീട് WYD വിജിലും പിതാവിന്റെ കുർബ്ബാനയും കൂടുമ്പോൾ ഞാൻ തിരിച്ചറിഞ്ഞു എത്ര തിരക്കേറിയ ജീവിതമാണ് മാർപാപ്പയുടേതെന്ന്. പ്രായമോ (82) ആരോഗ്യമോ വകവയ്ക്കാതെ എത്ര ഊർജ്ജസ്വലനായിരിക്കുന്നു പാപ്പാ. ഭക്ഷണ സമയത്തും ഞാൻ ശ്രദ്ധിച്ചു. ഒരു സെക്കന്റ് നേരം അൽപ്പം ക്ഷീണിച്ചാലും പൂർവ്വാധികം ഊർജ്ജത്തോടെ പിതാവ് കർമ്മനിരതനാകുന്നു. കത്തോലിക്ക കുടുംബത്തിന്റെ ഇടയൻ ഇത്രത്തോളം നമുക്കായി ചെയ്യുമ്പോൾ എനിക്ക് എങ്ങനെ നോക്കിനിൽക്കാൻ കഴിയും?

ഈ അനുഭവം വായിക്കുന്ന നിങ്ങളും എനിക്കൊപ്പം പിതാവിനായി പ്രാർത്ഥിക്കുമല്ലോ? വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ സഭയെ നയിക്കാൻ ആവശ്യമായ പരിശുദ്ധാത്മാവിന്റെ ഫലങ്ങളും ദാനങ്ങളുംകൊണ്ട് നിറയാൻ! പിന്നെ എന്നും സ്വസ്ഥമായ ഉറക്കം ലഭിക്കാൻ...!

NEWS

എറണാകുളം ലൂർദ് നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് വരാപ്പുഴ അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ തുടക്കം കുറിക്കുന്നു.

ലൂർദ് കോളേജ് ഓഫ് നേഴ്സിംഗിൽ സുവർണ്ണ ജൂബിലി ആഘോഷങ്ങളും ബിരുദദാന ചടങ്ങും നടത്തി

കൊച്ചി : എറണാകുളം ലൂർദ് വിദ്യാഭ്യാസ സ്ഥാപനം, നഴ്സിംഗ് പഠനത്തിന്റെ അമ്പത് സംവത്സരങ്ങൾ പൂർത്തിയാക്കി. ലൂർദ് നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തോടനുബന്ധിച്ച് 107 വിദ്യാർത്ഥികളുടെ ദീപം തെളിക്കലും, എം.എസ്.സി, പോസ്റ്റ് ബേസിക് ബി. എസ്.സി., ബി. എസ്.സി.,ജനറൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ ബിരുദ ദാനചടങ്ങും നടത്തി. വരാപ്പുഴ അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു. ആദ്ധ്യാത്മികവും മനുഷ്യത്വം നിറഞ്ഞതുമായ സമീപനത്തിലൂടെയും സംവേദനത്തിലൂടെയും രോഗികൾക്ക് സൗഖ്യത്തിന്റെ മാലാഖമാരാകാൻ ഓരോ നഴ്സിനും സാധിക്കണമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. കേരള ആരോഗ്യ സർവകലാശാല പരീക്ഷാ മേധാവി ഡോ. സി.പി. വിജയൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. നഴ്സിംഗ് എന്ന അനുഗൃഹീത തൊഴിൽ മേഖലയിലൂടെ സ്വന്തം മക്കളെ സേവനത്തിന്റെയും അറിവിന്റെയും ഉന്നതിയിലേക്കുയർത്തിയ ബിരുദദാരികളുടെ മാതാപിതാക്കളെ ചടങ്ങിൽ ആദരിച്ചത് ഏറെ പ്രശംസനീയമാണെന്നും മാതൃകപരമാണെന്നും അദ്ദേഹം പറഞ്ഞു. ലൂർദ് ആശുപത്രി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസെർച്ച് ഡയറക്ടർ ഫാ. ഷൈജു അഗസ്റ്റിൻ തോപ്പിൽ സ്വാഗതം ആശംസിച്ചു. ലൂർദ് നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളുടെ സ്തുത്യർഹമായ സേവനങ്ങളെക്കുറിച്ചും പ്രയാണങ്ങളെക്കുറിച്ചും പ്രിൻസിപ്പൾ ഡോ. സി. ലില്ലി ജോസഫ് ചടങ്ങിൽ സംസാരിച്ചു. വൈസ് പ്രിൻസിപ്പൾ പ്രൊഫ. അനു എബ്രഹാം റിപ്പോർട്ട് അവതരിപ്പിച്ചു. കോളേജിന്റെ വിജയശതമാനത്തിൽ അനന്യമായ ഔന്നത്യം നിലനിർത്തിയ വിദ്യാർത്ഥികൾക്ക് ലൂർദ് ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ. പോൾ പുത്തൂരാൻ ഉപഹാരങ്ങൾ നൽകി. കോളേജ് യൂണിയൻ ചെയർ പേഴ്സൺ എൽമി ബേബി കൃതജ്ഞത അറിയിച്ചു.അമ്പതു സുവർണ്ണ വർഷങ്ങൾ പിന്നിടുമ്പോൾ സ്ഥാപനത്തിന്റെ വളർച്ചയ്ക്കായി ആത്മാർത്ഥമായി പ്രവർത്തിച്ച വ്യക്തികളെയും കോളേജിന്റെ സ്ഥാപകരേയും കാലകാലങ്ങളിൽ ഇതിനു നേതൃത്വം നല്കിയവരേയും ആദരപൂർവ്വം അനുസ്മരിക്കുന്നതിനായി ജൂബിലിവർഷ സമാപനവും, പൂർവ്വ വിദ്യാർത്ഥി സംഗമവും 2019 ആഗസ്റ്റ് 17-ാം തിയതി നടത്തപ്പെടുമെന്ന് കോളേജ് പ്രിൻസിപ്പൾ ഡോ. സി. ലില്ലി ജോസഫ് അറിയിച്ചു.

ലൂർദ് ക്രിസ്തുജയന്തി ആശുപത്രിയിൽ സൗജന്യസ്ത്രീരോഗ നിർണ്ണയ ക്യാമ്പ്

എറണാകുളം ലൂർദ് ആശുപത്രിയും പെരുമ്പിള്ളി

ലൂർദ് ക്രിസ്തുജയന്തി ആശുപത്രിയും സംയുക്തമായി സൗജന്യ സ്ത്രീരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നു. പത്ത് വയസ്സിനു മുകളിൽ പ്രായമുള്ള പെൺകുട്ടികളും സ്ത്രീകളും നേരിടുന്ന വിവിധതരം ആരോഗ്യപ്രശ്നങ്ങളും രോഗങ്ങളും കണ്ടെത്തുക എന്ന ലക്ഷ്യവുമായാണ് സമഗ്ര സ്ത്രീരോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നത്. ഫെബ്രുവരി 24 ഞായറാഴ്ച രാവിലെ 9 മുതൽ 1 മണിവരെ ക്രിസ്തുജയന്തി ആശുപത്രിയിൽ വച്ച് നടത്തുന്ന സൗജന്യ മെഡിക്കൽ ക്യാമ്പിന് ലൂർദ് ആശുപത്രിയിലെയും ക്രിസ്തുജയന്തി ആശുപത്രിയിലെയും ഗൈനക്കോളജി വിഭാഗം ഡോക്ടർമാർ നേതൃത്വം നല്കും. ആർത്തവാരംഭത്തിലുള്ള ക്രമക്കേടുകളും വിഷമതകളും ആർത്തവസമയത്തുള്ള അമിത രക്തസ്രാവം, കഠിനമായ വയറുവേദന, ഗർഭാശയ മുഴകൾ, അണ്ഡാശയ മുഴകൾ. വന്ധ്യത, അണ്ഡാവാഹിനി കുഴലുകളിലുണ്ടാകുന്ന തടസ്സം, ഗർഭാശയ ഭിത്തികളിൽ കാണുന്ന വൈകല്യങ്ങൾ, തുടർച്ചയായ അബോർഷൻ, സ്തനങ്ങളിൽ ഉണ്ടാകുന്ന മുഴകൾ, വെള്ളപോക്ക് എന്നീ രോഗ ലക്ഷണങ്ങൾ ഉള്ളവർക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്.ക്യാമ്പിൽ പങ്കെടുക്കുന്ന അർഹരായ രോഗികൾക്ക് അൾട്രാസൗണ്ട് സ്കാനിംഗ്, പാപ്സ്മിയർ ടെസ്റ്റ്, ജി.ആർ.ബി.എസ്, ബോൺ ഡെൻസിറ്റോമിട്രി ടെസ്റ്റ് എന്നിവ സൗജന്യമായിരിക്കും.

എറണാകുളം ലൂർദ് ആശുപത്രിയിൽ സൗജന്യ ഉദര - കരൾ രോഗനിർണ്ണയ ക്യാമ്പ്

ക്രോൺസ് ഡിസ്സീസും, ഹെപ്പറ്റൈറ്റിസ് സി വൈറസ് ബാധിതർക്കുമായി സൗജന്യ മെഡിക്കൽ ക്യാമ്പ് ഫെബ്രുവരി 20,21 തിയതികളിൽ സംഘടിപ്പിക്കുന്നു. ഉദരസംബന്ധമായ രോഗങ്ങളും കരൾ രോഗങ്ങളും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയാൽ ഉണ്ടാകാനിടയുള്ള ലിവർ സിറോസിസ്, ക്യാൻസർ തുടങ്ങിയ ഗുരുതരമായ രോഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക എന്നതാണ് പ്രധാനമായും ഈ സൗജന്യ മെഡിക്കൽ ക്യാമ്പ് ലക്ഷ്യമിടുന്നത്.
തുടർച്ചയായുള്ള വയറിളക്കം, മലത്തിൽ രക്തത്തിന്റെ അംശം കാണപ്പെടുക. അകാരണമായി തൂക്കം കുറയുക, വയറുവേദന, വയറുകോച്ചിപ്പിടുത്തം, വിശപ്പില്ലായ്മ, മഞ്ഞപ്പിത്തം, തളർച്ച, ഓക്കാനം, പേശി വേദനയോടുകൂടിയ പനി, കണ്ണുകളിൽ മഞ്ഞനിറം, മൂത്രത്തിലുള്ള നിറവ്യത്യാസം തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ളവർക്ക് ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. എറണാകുളം ലൂർദ് ആശുപത്രിയിൽ ഉദരരോഗവിഭാഗം മേധാവി ഡോ.ഡോണി സക്കറിയയുടെ നേതൃത്വത്തിലായിരിക്കും ക്യാമ്പ് സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് ഡോക്ടറുടെ കൺസൾട്ടേഷൻ സൗജന്യമായിരിക്കും. കൂടാതെ രോഗനിർണ്ണയത്തിനാവശ്യമായ കോളനോസ്കോപ്പിയും, രക്തപരിശോധനയും തിരഞ്ഞെടുക്കുന്ന രോഗികൾക്ക് തികച്ചും സൗജന്യമായിരിക്കുമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

എറണാകുളം ലൂർദ് ആശുപത്രിയിൽ ഡയാമിത്ര പദ്ധതിക്ക് തുടക്കം കുറിച്ചു.

ലൂർദ് ആശുപത്രിയും ആലുവ റോട്ടറി ക്ലബും സംയുക്തമായി സംഘടിപ്പിച്ച പദ്ധതി കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ ചെയർമാൻ റവ. ഫാ. ഡേവിസ് ചിറമേൽ ഉദ്ഘാടനം ചെയ്തു. ജീവിതത്തിൽ സമ്പാദിക്കേണ്ടത് സമ്പത്തല്ല സ്നേഹമാണെന്നും, മനുഷ്യൻ ഒരുമിച്ചു ചേർന്നാൽ സാധിക്കാത്ത ഒരുകാര്യവും ദൈവം ഇന്നുവരെ ചെയ്തിട്ടില്ലായെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ഡയാലിസിസ് രോഗികളുടെ ഉന്നമനത്തിനായി തുടക്കമിട്ട ഡയാമിത്ര പദ്ധതയിൽ നിസ്വാർത്ഥമായി സേവനം ചെയ്യുമെന്നുള്ള പ്രതിജ്ഞയും അദ്ദേഹം ചൊല്ലികൊടുത്തു. ബന്ധങ്ങൾക്ക് കൂടുതൽ ദൃഢതയുണ്ടാകുന്നതിനായി 10 മുതൽ 12 ആളുകൾ മാത്രം അംഗങ്ങളാകുന്ന ചെറിയ ഗ്രൂപ്പുകളായി ലൂർദ് ആശുപത്രി രൂപം കൊടുത്ത ഡയാമിത്ര പദ്ധതി തികച്ചും സമൂഹത്തിന് മാതൃകയാക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.രോഗം വർദ്ധിക്കുന്നതിനനുസരിച്ച് കൂട്ടായ്മകളുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ടെന്നും, ഡയാലിസിസ് രോഗികൾക്ക് മാനസികമായി കരുത്ത് പകരുക, രോഗത്തെക്കുറിച്ചുള്ള ആകുലത ഒഴിവാക്കാനുള്ള സാഹചര്യം ഒരുക്കുക എന്നീ ലക്ഷ്യവുമായി അംഗങ്ങൾ തന്നെ നിയന്ത്രിക്കുന്നൊരു കൂട്ടായ്മയാണ് ഡയാമിത്രയെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ ലൂർദ് ആശുപത്രി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് റിസെർച്ച് ഡയറക്ടർ ഫാ. ഷൈജു അഗസ്റ്റിൻ തോപ്പിൽ പറഞ്ഞു.

ആലുവ റോട്ടറി ക്ലബ് പ്രസിഡന്റ് ശ്രീ. അബ്ദുൾ ബഷീർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. വൃക്കദാനത്തിലൂടെ സമൂഹത്തിന് മാതൃകയായ പ്രൊഫ. പി. ജി. ശ്രീലത, ശ്രീ. ഐസക് ജെ.എ. എന്നിവരെ ചടങ്ങിൽ അഭിനന്ദിച്ചു. വൃക്കദാനത്തിലൂടെ സമൂഹത്തിന് നന്മ ചെയ്യാൻ കിട്ടിയ അവസരത്തെക്കുറിച്ചും, അതിലൂടെ തങ്ങൾക്ക് കിട്ടിയ സന്തോഷത്തെക്കുറിച്ചും അനുഗ്രഹത്തെക്കുറിച്ചും അവർ അനുഭവം പങ്കുവച്ചപ്പോൾ കാണികളിലൊരാളായ ശ്രീമതി രുഗ്മണി ദേവി ഉദ്ഘാടന വേളയിൽ തന്നെ വൃക്കദാനത്തിനുള്ള സന്നദ്ധത അറിയിച്ചുകൊണ്ട് മുന്നോട്ട് വന്നത് ചടങ്ങിൽ ശ്രദ്ധയമായി.

ഡയാമിത്ര പദ്ധതിയുടെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കുന്നത് ലൂർദ് നെഫ്രോളജി - ഡയാലിസിസ് വിഭാഗവും, മാനസികാരോഗ്യ വിഭാഗവും, കാളിറ്റി സിസ്റ്റം വിഭാഗവും സംയുക്തമായിട്ടായിരിക്കുമെന്നും ലൂർദ് നെഫ്രോളജി ആന്റ് ടോക്സിക്കോ

ളജി വിഭാഗം മേധാവി ഡോ.ബിനു ഉപേന്ദ്രൻ പറഞ്ഞു. ലൂർദ് മാനസികാരോഗ്യ വിഭാഗ മേധാവി ഡോ. കേണൽ രാമചന്ദ്രൻകുട്ടി, മാനസികാരോഗ്യ വിദഗ്ദ്ധൻ ഡോ.പ്രതീഷ് പി.ജെ, നെഫ്രോളജിസ്റ്റ് ഡോ.പുന്നൂസ് തോമസ് പുതുവീട്ടിൽ എന്നിവർ ചട ങ്ങിൽ സംസാരിച്ചു.

ഡോ. തോമസ് മാത്യുവിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്



എറണാകുളം ലൂർദ് ആശുപത്രി ഓർത്തോപീഡിക് വിഭാഗം സീനി യർ കൺസൾട്ടന്റ് ഡോ. തോമസ് മാത്യുവിന് പ്രൊഫ. പി. എ. അലക്സാണ്ടർ മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലഭിച്ചു. മൂന്നു പതിറ്റാ ണ്ടിലേറെയായി ഓർത്തോപീഡിക് ശസ്ത്രക്രിയ വിഭാഗത്തിൽ അദ്ദേ ഹം നല്കിയ സ്തുത്യർഹമായ സേവനങ്ങളും, സംഭാവനകളും പരിഗണിച്ചാണ് അവാർഡിന് അർഹനായത്. കൊല്ല ത്തുവച്ചു നടന്ന കേരള ഓർത്തോപീഡിക് അസ്സോസി യേഷന്റെ മുപ്പത്തിയെട്ടാമത് വാർഷിക സമ്മേളത്തിൽ വച്ചാണ് അദ്ദേഹത്തെ ആദരിച്ചത്. എറണാകുളം ലൂർദ് ആശുപത്രി ഓർത്തോപീഡിക് വിഭാഗം മുൻ മേ ധാവിയായും കേരള ഓർത്തോപീഡിക് അസ്സോസിയേ ഷന്റെയും കൊച്ചിൻ ഓർത്തോപീഡിക് അസ്സോസി യേഷന്റെയും പ്രസിഡന്റായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

എം.ജി. യൂണിവേഴ്സിറ്റിയിൽനിന്നും മൈക്രോബയോളജിയിൽ ഡോക്ടറേറ്റ് നേടിയ ശ്രീമതി ദിവ്യ കെ . (ആപ്പിൾ ഇന്റർനാഷണൽ സ്കൂൾ ദുബായ്) . ഓച്ചന്തുരുത്ത് വളപ്പ് നിത്യസഹായമാതാ പള്ളി ഇടവകാംഗവവും വേണാട്ട് ദീപക് ജോസഫിന്റെ (ഇലക്ട്രിക്കൽ എഞ്ചിനീയർ റൈൻഹൗസൻ ദുബായ്) ഭാര്യയുമാണ് .

ആർച്ച്ബിഷപ്സ് ഫ്ളഡ് റിലീഫ് ഫണ്ടിലേയ്ക്ക് സംഭാവന ചെയ്തവർ

1. കെസിവൈഎം വടുതല 25000

2. റവ.ഫാ. വിൻസെന്റ് വാര്യത്ത് 9000

3. ജോളിആന്റണി അശീതുപറമ്പിൽ, എളമക്കര 50000

ഇ.എസ്.എസ്. എസ് വാർത്തകൾ

മാർച്ച്2019

മാർച്ച് 3, ഞായർ, ഉച്ചയ്ക്ക് 2 മണിക്ക് കെ.എൽ.എം ലീഡേഴ്സ് മീറ്റിംഗ്, ഇ.എസ്.എസ്. എസ് ഹാൾ, പ്രൊവിഡൻസ് റോഡ്,എറണാകുളം.

മാർച്ച് 3, ഞായർ, ഉച്ചയ്ക്ക് 2 മണിക്ക് ഗാർഹിക തൊഴിലാളി മീറ്റിംഗ്, ഇ.എസ്.എസ്.എസ് ഹാൾ, പ്രൊവിഡൻസ് റോഡ്,എറണാകുളം.

മാർച്ച് 7, 21 തിയതികളിൽ (വ്യാഴം) രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 മണി വരെ ആർദ്രം ഹെൽത്ത് ക്ലിനിക്, ഇ.എസ്.എസ്.എസ്, പ്രൊവിഡൻസ് റോഡ്,എറണാകുളം.

മാർച്ച് 8, വെള്ളി, രാവിലെ 9.30ന് വനിതാദിനാഘോഷം, ഇൻഫന്റ് ജീസസ് പാരിഷ് ഹാൾ, ഹൈക്കോർട്ട്,എറണാകുളം.

മാർച്ച് 21, വ്യാഴം, ഇ.എസ്.എസ്. എസ് ആനിമേറ്റേഴ്സ് റിവ്യു മീറ്റിംഗ്, ഇ.എസ്.എസ്. എസ് ഹാൾ, പ്രൊവിഡൻസ് റോഡ്,എറണാകുളം.

മാർച്ച് 24, ഞായർ, ഉച്ചയ്ക്ക് 2 മണിക്ക് 'ദർശൻ' സാമൂഹ്യ ശുശ്രൂഷ കോ ഓർഡിനേറ്റേഴ്സ് ട്രെയ്നിംഗ്,ഇ.എസ്.എസ്.എസ് ഹാൾ, പ്രൊവിഡൻസ് റോഡ്,എറണാകുളം.

ESSS ആർദ്രം മൊബൈൽ പാലിയേറ്റീവ് കെയർ എല്ലാ വെള്ളിയാഴ്ച്ചയും വരാപ്പുഴ അതിരൂപത മേഖലയിൽ പ്രവർത്തിക്കുന്നു. സേവനത്തിന് ESSS മായി ബന്ധപ്പെടുക.(സേവനം സൗജന്യം) PH.0484-2390461,2396682.

ഫാ. ജോളി ജോൺ ഓടത്തക്കൽ

പ്രൈമറി ക്ലാസുകളിലെ ടീച്ചർ

കുട്ടികളുടെ മാനസിക ബൗദ്ധിക വളർച്ചയിലെ സുപ്രധാന ഘട്ടമാണ് പ്രൈമറി വിദ്യാഭ്യാസ കാലഘട്ടം. കണ്ടുമുട്ടുന്ന ഓരോ വസ്തുവിനെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും അടക്കാനാവാത്ത സംശയങ്ങളും വിജ്ഞാനദാഹവും ഓരോ കുട്ടിയിലും പ്രകടമാകുന്ന വളർച്ചാകാലഘട്ടംകൂടിയാണ് പ്രൈമറി തലം. അതുകൊണ്ടുതന്നെ വെല്ലുവിളി നിറഞ്ഞ അദ്ധ്യാപകവൃത്തിയാണ് പ്രൈമറി ടീച്ചറിന്റേത്!

അധ്യാപകന്റെ ചിന്തകളെയും മനോഭാവങ്ങളെയും പ്രവൃത്തികളെയും അനുകരിച്ച് ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്ന സ്വഭാവം പ്രൈമറി വിദ്യാർത്ഥികളുടെ ഇടയിലുണ്ട്. അതിനാൽ തന്നെ വിഷയങ്ങളിലുള്ള അറിവ് മാത്രം ഉണ്ടായിരിക്കേണ്ട വ്യക്തിയല്ല പ്രൈമറി സ്കൂൾ അധ്യാപകൻ. ജീവിതത്തിൽ അടുക്കും ചിട്ടയും ജീവിതത്തെക്കുറിച്ചുള്ള പോസിറ്റീവ് മനോഭാവങ്ങളും പ്രൈമറി സ്കൂൾ അധ്യാപകന് ആവശ്യമാണ്. അതുകൊണ്ടാണ് പ്രൈമറി അദ്ധ്യാപകരെ പരിശീലിപ്പിക്കാൻ ടീച്ചർ ട്രെയിനിംഗ് കോഴ്സ് (TTC) എന്ന അദ്ധ്യാപന പരിശീലന കോഴ്സ് ഡിസൈൻ ചെയ്തിരിക്കുന്നത്. അദ്ധ്യാപന പരിശീലനത്തിൽ നിലവിലുള്ള ഏറ്റവും പഴക്കമേറിയതും മേന്മയേറിയതുമായ കോഴ്സാണ് ടി.ടി.സി. വിദ്യാർത്ഥിയിൽ നിന്നും അദ്ധ്യാപകരിലേക്കുള്ള സമഗ്രമായ വളർച്ചയാണ് ടി.ടി.സി. കോഴ്സിന്റെ ലക്ഷ്യം. 12-ാം ക്ലാസ്സ് വിജയകരമായി പൂർത്തീകരിച്ച് പ്രൈമറി ക്ലാസ്സുകളിൽ അദ്ധ്യാപകരാകാൻ ആഗ്രഹിക്കുന്നവർക്ക് ഈ കോഴ്സിൽ പ്രവേശനം ലഭിക്കും.

കുട്ടികളുടെ മനശ്ശാസ്ത്രം, അദ്ധ്യാപനരീതികൾ, സ്കൂൾ മാനേജ്മെന്റ് രീതികൾ, സ്മാർട്ട് ക്ലാസ്സ് റൂം ട്രെയിനിംഗ്, കലാ കായിക പരിശീലനം എന്നിങ്ങനെ അനേകം പരിശീലന വിഭാഗങ്ങൾ ടി.ടി.സി. കോഴ്സിന്റെ ഭാഗമാണ്. തിയറി ക്ലാസ്സുകളോടൊപ്പം പ്രാക്ടിക്കൽ ക്ലാസ്സുകളും സ്കൂളുകളിൽ യഥാർത്ഥ പരിശീലനവുമുൾപ്പെടെ ടി.ടി.സി. കോഴ്സിന്റെ 2 വർഷ പരിശീലന ഘട്ടം ഒരു വ്യക്തിയിൽ അന്തർലീനമായ അദ്ധ്യാപന വൈദഗ്ധ്യം പോഷിപ്പിക്കും.

എറണാകുളം പട്ടണവുമായി ബന്ധപ്പെട്ട് നല്ല ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. സെന്റ് ആൽബർട്ട്സ് ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ ക്രൈസ്തവ സ്ഥാപനങ്ങൾ, അവയിൽ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളാണ്. നല്ല പ്രൈമറി അദ്ധ്യാപകൻ ജീവിതത്തിന് വെളിച്ചം പകരുന്നവനാണ്. കുട്ടികളെയും അവരുടെ കുസൃതികളും ഇഷ്ടപ്പെടുന്ന വ്യക്തിക്കു മാത്രമേ നല്ല പ്രൈമറി അദ്ധ്യാപകനാകാൻ സാധിക്കൂ.

പേപ്പർ വാക്ക്

ഇതൊരു ടീം ബിൽഡിംഗ് ഗയിം ആണ്. ടീം ഒത്തൊരുമിച്ച് ബുദ്ധിയോടെ പ്രവർത്തിച്ചാൽ മാത്രം വിജയിക്കുന്ന ഗയിം. നിലത്തിട്ടിരിക്കുന്ന പേപ്പറിലൂടെ നടന്ന് റേസ് പൂർത്തിയാക്കണം. ഒരു വ്യക്തിയാണ് റേസ് നടത്തേണ്ടത്. വ്യത്യസ്ത അകലത്തിൽ ഇട്ടിരിക്കുന്ന പേപ്പറുകളിൽ മാത്രം സ്പർശിച്ച് മത്സരം പൂർത്തീകരിക്കാൻ മറ്റ് ടീം അംഗങ്ങൾക്ക് സഹായിക്കാം. മത്സരിക്കുന്ന വ്യക്തിയെ എടുത്തുയർത്തിക്കൊണ്ടു പോകരുത്. പകരം ഗ്യാപ്പുകൾ ഫില്ല് ചെയ്യാൻ സ്വന്തം ശരീരം ഉപയോഗിക്കാം.

പാണ്ടൻ കുഞ്ഞുമോനും കൊച്ചച്ചനും

കുഞ്ഞുമോന് ജന്മനാ കിട്ടിയ പാണ്ടായിരുന്നു അത്. എങ്കിലും തന്നെയാരും പാണ്ടനെന്ന് വിളിക്കില്ല. അത് കുഞ്ഞുമോന് ഇഷ്ടമായിരുന്നില്ല. ആരെങ്കിലും അങ്ങനെ വിളിച്ചാൽ പാണ്ടൻ അയാളെ തെറിവിളിക്കുമായിരുന്നു. വെള്ളമടിച്ച അവസ്ഥയിലാണെങ്കിൽ തല്ലാനും ചെല്ലും. പാണ്ടന്റെ കൂട്ടുകാരായ സഹകുടിയന്മാർക്കുമാത്രം മദ്യപാനാവസരങ്ങളിൽ സ്നേഹത്തോടെ പാണ്ടാ എന്നു വിളിക്കാൻ അയാൾ അനുമതി നൽകിയിരുന്നു.

ഒരൽപ്പം പഴയ കഥയാണ്. പാണ്ടൻ കുഞ്ഞുമോന്റെ കഥ. പാണ്ടൻ കുഞ്ഞുമോൻ പത്തുമുപ്പത്തിരണ്ടു വയസ്സുള്ള ഒരു മരപ്പണിക്കാരനായിരുന്നു. രണ്ടു കുട്ടികളുടെ പിതാവ്. പള്ളിക്കു പിറകിലുള്ള സിമിത്തേരിക്കടുത്ത് താമസം. നല്ല മരപ്പണിക്കാരൻ. നല്ല വെള്ളമടിക്കാരൻ. സിമിത്തേരിക്കടുത്ത് താമസിക്കുന്നതുകൊണ്ടോ എന്തോ ഭൂമിയിൽ ഒന്നിനേയും പേടിയില്ല പാണ്ടന്. പാണ്ടന്റെ ചുണ്ടിനും താടിക്കുമിടയിലായി ഓസ്ട്രേലിയയുടെ മാപ്പുപോലെ ഒരു വെള്ള പ്പാണ്ട് ഉണ്ടായിരുന്നതിനാലാണ് കുഞ്ഞുമോൻ പാണ്ടൻ കുഞ്ഞുമോനായത്.

കുഞ്ഞുമോന് ജന്മനാ കിട്ടിയ പാണ്ടായിരുന്നു അത്. എങ്കിലും തന്നെയാരും പാണ്ടനെന്ന് വിളിക്കില്ല. അത് കുഞ്ഞുമോന് ഇഷ്ടമായിരുന്നില്ല. ആരെങ്കിലും അങ്ങനെ വിളിച്ചാൽ പാണ്ടൻ അയാളെ തെറിവിളിക്കുമായിരുന്നു. വെള്ളമടിച്ച അവസ്ഥയിലാണെങ്കിൽ തല്ലാനും ചെല്ലും. പാണ്ടന്റെ കൂട്ടുകാരായ സഹകുടിയന്മാർക്കുമാത്രം മദ്യപാനാവസരങ്ങളിൽ സ്നേഹത്തോടെ പാണ്ടാ എന്നു വിളിക്കാൻ അയാൾ അനുമതി നൽകിയിരുന്നു.

നാട്ടിലാകട്ടെ പാണ്ടൻ കുഞ്ഞുമോൻ എന്നു പറഞ്ഞാലല്ലാതെ ആരും അറിയുമായിരുന്നില്ല. പണിക്കു പോകുന്നതിനേക്കാളേറെ കള്ളുഷാപ്പിലോ ചാരായഷാപ്പിലോ ചെലവഴിക്കാനായിരുന്നു പാണ്ടന് ഏറെ ഇഷ്ടം. വെള്ളമടിക്കാനുള്ള കാശുകിട്ടുന്നു എന്നതുമാത്രമായിരുന്നു പാണ്ടനെ പണിക്കുപോകാൻ പ്രേരിപ്പിച്ചിരുന്ന ഏക ഘടകം. പണികഴിഞ്ഞാൽ പാണ്ടൻ കൃത്യസമയത്ത് കള്ളുഷാപ്പിലോ ചാരായഷാപ്പിലോ എത്തും. പണിക്കുപോയതിന്റെ മടുപ്പും ക്ഷീണവും ഷാപ്പിലിരുന്നു തീർക്കും. വെള്ളമടിച്ചു കഴിഞ്ഞാൽ പാണ്ടന് ചെയ്യാൻ ഏറ്റവും ഇഷ്ടമുള്ള കാര്യം മാർക്കറ്റിൽ പോയി മീൻ വാങ്ങിക്കുക എന്നതായിരുന്നു. ഇഷ്ടപ്പെട്ട മീൻ വിലപേശി വാങ്ങും. പിന്നെ അതു കറിവയ്ക്കാനുള്ള സാധനങ്ങളും വാങ്ങും. അതെല്ലാം മാറത്തടക്കിപ്പിടിച്ചുകൊണ്ട് പാണ്ടൻ ആടിയാടി വീട്ടിലേക്ക് മടങ്ങും. എന്നും സന്ധ്യമയങ്ങിയ നേരത്ത് പൊതിക്കെട്ടുകളും മാറത്തടക്കിപ്പിടിച്ചുകൊണ്ട് പള്ളിമുറ്റത്തുകൂടെ പ്രാഞ്ചി പ്രാഞ്ചി നടന്നുപോകുന്ന പാണ്ടൻ ഇടവകകക്കാർക്കും നാട്ടുകാർക്കും സുപരിചിതമായ കാഴ്ചയായിരുന്നു.

പള്ളിമുറ്റത്തുകൂടെ അങ്ങനെ കടന്നുപോകുന്ന നേരമൊക്കെ വെള്ളമടിച്ച അവസ്ഥയിലാണെങ്കിൽ പാണ്ടൻ പള്ളിമേടയിൽ കയറി കോളിങ്ങ് ബെല്ലടിക്കും....

പാണ്ടന് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വയസ്സനച്ചനായിരുന്നു അക്കാലത്ത് ഇടവക വികാരി. കുടിയനായ പാണ്ടനെ അച്ചൻ ശപിച്ചു തള്ളിക്കളഞ്ഞിരുന്നില്ല എന്നതായിരുന്നു പാണ്ടന് അച്ചനെ ഇഷ്ടപ്പെടാനുള്ള കാരണം. പാണ്ടന്റെ ബെല്ലടി കേട്ടുകഴിയുമ്പോൾ അതു പ്രതീക്ഷിച്ചിരുന്നതുപോലെ അച്ചൻ മേടയുടെ വരാന്തയിലേക്ക് വരും. പാണ്ടനെ അടിമുടി ഒന്നു നോക്കിയിട്ടു പറയും: "കുഞ്ഞുമോൻ ഇന്നും ഫുൾഫോമിലാണല്ലോ. കുഞ്ഞുമോനപ്പോൾ ഒരു ഭയഭക്തിബഹുമാനവും നാണവുമൊക്കെ അഭിനയിക്കും. ഇങ്ങനെ പോയാൽ പറ്റില്ലല്ലോ. കുറയ്ക്കണം. അച്ചൻ പറയും. ഇല്ലച്ചാ.. നിർത്തി.. കംപ്ലീറ്റായിട്ടു നിർത്തി. ഇന്ന് ലാസ്റ്റ്.. നാളെമുതൽ അച്ചൻ പറയുന്നതുപോലെ.. പാണ്ടൻ ഒരു പ്രതിജ്ഞപോലെ പറയും. 'ഉം' എന്നു മൂളിക്കൊണ്ടു അച്ചൻ പാണ്ടനെ നോക്കി ഗൗരവം വിടാതെ തലകുലുക്കും. അപ്പോൾ പാണ്ടൻ മാറത്തടക്കിപ്പിടിച്ച പൊതികളിലൊന്നെടുത്ത് അച്ചന്റെ നേരെ നീട്ടും. മാർക്കറ്റിൽനിന്ന് കുറച്ചുമുമ്പ് വാങ്ങിയ മീനായിരിക്കും അത്. 'ഇതിൽ കൊറച്ച് ചാളയാണച്ചോ... അച്ചൻ വറുത്തോ കറിവച്ചോ തിന്ന്... പാണ്ടൻ വഴിഞ്ഞൊഴുകുന്ന സ്നേഹത്തിൽ അച്ചനോടു പറയും.

അതൊന്നും വേണ്ട കുഞ്ഞുമോനെ. നീയിതുകൊണ്ടുപോയി കറിവെച്ച് പിള്ളേർക്ക് കൊടുക്ക്. അച്ചൻ പറയും. അപ്പോൾ കുഞ്ഞുമോൻ കുട്ടികളെപ്പോലെ നിർബന്ധം പിടിക്കും. 'അച്ചനിതു വാങ്ങാതെ ഞാനിവിടുന്ന് പോവു

വാട്സ്അപ്പ്

ഫാ. ബാബു വാവക്കാട്ട്

കയില്ല' അച്ചനപ്പോൾ കുറെക്കൂടി ഗൗരവത്തിൽ 'കുഞ്ഞുമോനെ നീ വീട്ടിപ്പോടാ' എന്നു പറയും. ആ സ്നേഹശാസന കേൾക്കാൻ കാത്തിരുന്നതുപോലെ അച്ചനെ ഭക്തിപൂർവ്വം താണുവണങ്ങിക്കൊണ്ട് പാണ്ടൻ പറയും... 'അച്ചൻ പറഞ്ഞാൽ എനിക്ക് അതിനപ്പുറത്തോട്ട് ഇല്ല... ഞാനിതാ പോണേയ്...'

പാണ്ടൻ ഭക്തിപൂർവ്വം വിടകൊള്ളും... മദ്യപിച്ചു വരുന്ന പാണ്ടന് സന്ധ്യാപ്രാർത്ഥപോലെ ആശ്വാസം പകരുന്ന ഒന്നായിരുന്നു അച്ചനുമായുള്ള ഈ കൂടിക്കാഴ്ച. അച്ചനും അതറിയാമായിരുന്നു. അങ്ങനെയിരിക്കയാണ് പള്ളിയിൽ പുതിയ കൊച്ചച്ചൻ ചാർജ്ജെടുക്കുന്നത്. അച്ചനായിട്ട് അധികമാകാത്തയാൾ... കർശനമായ നിലപാടുകൾകൊണ്ട് എന്തും നേരെയാക്കാമെന്നു വിചാരിക്കുന്നൊരച്ചൻ. എന്തും ആരുടെയും മുഖത്തുനോക്കി പറയും. കളിയില്ല; ചിരിയില്ല, സ്ത്രീകളോട് ആവശ്യത്തിൽ കവിഞ്ഞ സംസാരമില്ല. യാമപ്രാർത്ഥനകളിൽ വിട്ടുവീഴ്ച കളില്ല. ഒരു പെർഫെക്ഷനിസ്റ്റ്. കുഞ്ഞുമോന്റെ സായാഹ്നങ്ങളിലുള്ള വരവും മദ്യപിച്ചുള്ള വേഷംകെട്ടലുകളുമൊക്കെ കൊച്ചച്ചന് തീരെ പിടിച്ചില്ല.

സ്നാപകയോഹന്നാന്റെ തീക്ഷ്ണതയുള്ള കൊച്ചച്ചൻ അതു വികാരിയച്ചന്റെ മുഖത്തുനോക്കി പറയുകയും ചെയ്തു. അച്ചനാണീ കള്ളുകുടിയന്മാരെയൊക്കെ പ്രോത്സാഹിപ്പിക്കുന്നത്. ഇവന്റെയൊക്കെ വേഷംകെട്ട് പള്ളിമേടയ്ക്ക് മുമ്പിൽ അനുവദിച്ചുകൊടുത്തുകൂടാ...

ഒരുപാടു പള്ളികളും ഒരുപാടു കുടിയന്മാരെയും കണ്ടിട്ടുള്ള വികാരിയച്ചൻ കൊച്ചച്ചന്റെ നിർദ്ദേശമൊക്കെ ഒരു പുഞ്ചിരികൊണ്ട് നേരിടുകയാണ് ചെയ്തത്. അങ്ങനെയിരിക്കെ ഒരു സായംകാലം. അന്ന് കള്ളുഷാപ്പിലും ചാരായഷാപ്പുകളിലും ഒന്നുപോലെ കയറി ഡബിൾ ഫിറ്റായ പാണ്ടൻ പള്ളിമുറ്റത്തുകൂടെ തെന്നിത്തെന്നി നീങ്ങിവരുന്നു. മാറത്തടക്കിപ്പിടിച്ച പൊതികൾ പതിവുപോലെയുണ്ട്. പാണ്ടൻ പള്ളിമേടയിൽ കയറി ബെല്ലടിക്കുന്നു. കാറ്റുപിടിച്ച അടയ്ക്കാമരംപോലെ പാണ്ടൻ ആടുന്നുമുണ്ട്.

അന്ന് വികാരിയച്ചൻ സ്ഥലത്തില്ലാതിരുന്നതിനാൽ വാതിൽ തുറന്നുവന്നത് പെർഫെക്ഷനിസ്റ്റായ കൊച്ചച്ചൻ. പാണ്ടന്റെ പടുതികണ്ട കൊച്ചച്ചന് പ്രാന്തുകയറി. തങ്കപ്പതക്കം സിനിമയിലെ ശിവാജി ഗണേശനെപ്പോലെ ഭാവം പിടിച്ചു നിൽക്കുന്ന കൊച്ചച്ചനെ കണ്ടപ്പോൾ പാണ്ടനും ദേഷ്യം വന്നു. കള്ളുകുടിച്ച് താനിവിടെ ഇനിമേലാൽ വരാൻ പാടില്ല. കൊച്ചച്ചൻ പാണ്ടനോട് ഒരു കല്പന പുറപ്പെടുവിച്ചു. അതുപറയാൻ താനാരാടോ പുല്ലേ...? എന്നൊരു മറുപടിയാണ് തൽക്ഷണം പാണ്ടനിൽനിന്നുമുണ്ടായത്. കള്ളും ചാരായവും കൂടിക്കലർന്ന ആ നിഷേധവർത്തമാനം കൊച്ചച്ചന്റെ മുഖത്തു വന്നലച്ചതോടെ മുഴുവൻ കൺട്രോളും പോയ കൊച്ചച്ചൻ 'ഗറ്റൗട്ട്' എന്ന ഒരലർച്ച തുടങ്ങി. തന്റെ അലർച്ചകേട്ട് പാണ്ടൻ ഓടുമെന്നു കരുതിയ കൊച്ചച്ചന് തെറ്റി. സിമിത്തേരിക്ക് പിറകിൽ താമസിച്ച് പേടിമാറിയ പാണ്ടൻ ആട്ടം നിറുത്തി നീണ്ടുനിവർന്നു നിന്ന്... 'ങ്ങ്ഹാ.. ഇംഗ്ലീഷിൽ തെറി പറയുന്നോ പോകാൻ ഇപ്പ എനിക്ക് മനസ്സില്ല' എന്നു വ്യക്തമായി പറഞ്ഞു. പാണ്ടനെ അടക്കാൻ പറ്റില്ലെന്നും തന്റെ മാനം പോകുമെന്നും മനസ്സിലാക്കിയ കൊച്ചച്ചൻ തൽക്ഷണം വികാരിയച്ചന്റെ റോളിലേക്ക് ഒരു കൂടുമാറ്റം നടത്തി. 'വീട്ടിപ്പോടാ... കുഞ്ഞുമോനേ...' എന്നൊരു

സ്നാപകയോഹന്നാന്റെ തീക്ഷ്ണതയുള്ള കൊച്ചച്ചൻ വികാരിയച്ചന്റെ മുഖത്തുനോക്കി പറയുകയും ചെയ്തു. അച്ചനാണീ കള്ളുകുടിയന്മാരെയൊക്കെ പ്രോത്സാഹിപ്പിക്കുന്നത്. ഇവന്റെയൊക്കെ വേഷംകെട്ട് പള്ളിമേടയ്ക്ക് മുമ്പിൽ അനുവദിച്ചുകൊടുത്തുകൂടാ...

സ്നേഹശാസന നൽകി. അതിന് പാണ്ടൻ മറുപടിയായി നൽകിയത് ഒരു ആട്ടായിരുന്നു. 'ഫ്ഫാ..... കഴ്വേർട മോനേ... എന്റടുത്ത് തോന്ന്യാസം പറഞ്ഞാലുണ്ടല്ലോ.. അടിച്ചു നിന്റെ ഷേപ്പ് ഞാൻ മാറ്റിക്കളയും'. കമ്മീഷണർ സിനിമയിൽ സുരേഷ്ഗോപിയുടേതുപോലുള്ള പാണ്ടന്റെ ഡയലോഗ് പ്രസന്റേഷൻ കേട്ട കൊച്ചച്ചൻ നടുങ്ങി വിറച്ച് ക്ഷണത്തിൽ മേടയ്ക്കുള്ളിൽ കയറി വാതിലടച്ചു കളഞ്ഞു.

പാണ്ടനാകട്ടെ 'ജസ്റ്റ് റിമെമ്പർ ദാറ്റ്' എന്ന് പറഞ്ഞില്ലെങ്കിലും തിരിച്ച് സ്ലോമോഷനിൽ വീട്ടിലേക്ക് നടന്നു. ബഹുമാനപ്പെട്ട കൊച്ചച്ചൻ അന്നുകിട്ടിയ തിരിച്ചറിവിനാൽ അന്നുമുതൽ ഇന്നുവരെ മദ്യപാനികളെ ഉപദേശിക്കാൻ ഒരുമ്പെടുകയോ വികാരിയച്ചന്മാർക്ക് നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഈ കഥയിൽ പറഞ്ഞിരിക്കുന്ന കൊച്ചച്ചൻ ഇതെഴുതുന്ന ഞാനല്ല എന്ന് പ്രത്യേകം വ്യക്തമാക്കുകയും ചെയ്യുന്നു.

March 3rd

വി. ലൂക്ക 6:39-45

'കുരുടനു കുരുടനെ നയിക്കുവാൻ സാധിക്കുമോ?' ഇല്ലെന്നു തന്നെ പറയുന്നതാണ് സത്യം. മിഴികളിലെ വെളിച്ചം അണഞ്ഞാൽ കുഴികളിൽ എത്തുമെന്നുതന്നെ കരുതണം. ഉൾക്കണ്ണിന്റെ വെട്ടം കെട്ടുപോയാൽ അതിലും കഷ്ടം തന്നെ. അങ്ങനെയൊരു അന്ധതകൊണ്ട് ഉൾക്കണ്ണു മൂടപ്പെട്ടവനു കൺഗോളങ്ങളിൽ വെട്ടം തെളിഞ്ഞിട്ടും എന്തു പ്രയോജനം. മിഴിവെട്ടം തെളിഞ്ഞിട്ടും ഉൾക്കണ്ണു വെട്ടം കെട്ടു ജീവിക്കുന്ന കെട്ട ജീവിതങ്ങളുടെ എണ്ണം ഈ ഭൂമിയിൽ ക്രമാതീതമായി കാണുന്നുണ്ടെന്ന് ഉറപ്പ്. നിനക്ക് ചുറ്റും തിങ്ങുന്ന അഴിമതിയുടെ നാറിയ കഥകളും. വർഗ്ഗീയതയുടെ വെറുപ്പിക്കലുകളും രാഷ്ട്രീയത്തിന്റെ നെറികെട്ട കളികളുമൊക്കെ ഉൾക്കൺവെട്ടം അണഞ്ഞുപോയതിന്റെ ബാക്കി പത്രങ്ങളാണെന്നോർക്കണം.

തടിക്കഷണങ്ങൾകൊണ്ട് മൂടപ്പെട്ടവരാണ് ഈ നാടിന്റെ ഭരണചക്രത്തിന്റെ ആരക്കാലുകൾ തിരിക്കുവാൻ തലപ്പത്തിരിക്കുന്നവരിൽ ചിലരെന്ന ഓർമ്മപ്പെടുത്തൽ ഭയാനകമാണ്. നയിക്കപ്പെടുന്നവരേക്കാൾ നയിക്കുന്ന അന്ധന്മാർ ഓരോ ദിനവും കൂടുന്നുണ്ട്. അതുകൊണ്ട് തന്നെ ഈ ലോകത്തിന്റെ പോക്ക് പടുകുഴിയിലേക്കാണോ എന്ന ആകുലതയുമുണ്ട്. അന്ധതയെക്കുറിച്ചു ഓർമ്മപ്പെടുത്തുന്നവരൊക്കെ, അതിനെ ചോദ്യം ചെയ്യുന്നവരൊക്കെ ഏതെങ്കിലുമൊക്കെ രീതിയിൽ തഴയപ്പെടുന്നുണ്ട്. ഉൾക്കൺവെട്ടം കെട്ടുതുടങ്ങുന്ന ഈ ലോകത്തിനു വേണ്ടി ദൈവം ഇനിയും ഒരു രക്ഷാകര ചരിത്രം എഴുതേണ്ടിയിരിക്കുന്നു.

March 10th

വി. ലൂക്ക 4: 1-13

എല്ലാ മനുഷ്യരും കടന്നുപോകേണ്ട ചില പ്രതിസന്ധിയുടെ കനലുകൾക്കു മീതെ ദൈവം നടന്നിറങ്ങുകയാണ്. ജീവിതത്തിന്റെ ദശാസന്ധികളിൽ മനുഷ്യൻ വീഴാനിടയുള്ള മൂന്നു ഇടങ്ങളെക്കുറിച്ചുള്ള സൂചനയാണ്. ശരീരമാണ് ആദ്യത്തെ ഇടം. വിശപ്പ് മൂത്ത് ഭ്രാന്താകുന്നുവെന്നൊക്കെ ആരൊക്കെയോ പറഞ്ഞു കേട്ടിട്ടുണ്ട്. വിശപ്പിന്റെ കാഠിന്യത്തിൽ കടൽത്തീരത്തടിയുന്ന മനുഷ്യാവശിഷ്ടം ഭക്ഷിക്കുന്ന മനുഷ്യകഥാപാത്രത്തെ ഒരു ചലച്ചിത്രത്തിൽ കണ്ടപ്പോൾ തോന്നി പോയിട്ടുണ്ട്, അക്ഷരാർത്ഥത്തിൽ വിശപ്പ് ഭ്രാന്താണ്. ശരീരത്തിന്റെ കാമനകൾക്കായി ദാഹിക്കുന്ന ഏത് വികാരവും വിശപ്പാണ്. വിശപ്പിന്റെ വിഭ്രാന്തികൾക്കിടയിൽ മനുഷ്യൻ മനുഷ്യനെപ്പോലും മറന്നുപോകുന്നുണ്ട്. ഓരോ കാലത്തിലും വിശപ്പുകൾക്ക് അന്തരം സംഭവിക്കുന്നുണ്ട്. സ്മാർട്ട് ഫോണുകളും സോഷ്യൽ മീഡിയകളുമാണ് ഈ കാലഘട്ടത്തിന്റെ വിശപ്പ്. ജീവശ്വാസത്തേക്കാൾ ഫെയ്സ്ബുക്ക് ലൈക്കുകൾക്കായി പിടയുന്ന ജീവിതങ്ങളായിട്ടൊക്കെ മാറിക്കഴിഞ്ഞിട്ടുണ്ട്.

രണ്ടാമത്തെയിടം അധികാരമെന്ന ലഹരിയാണ്. അധികാരത്തിന്റെ സിംഹാസനങ്ങളിലമരാൻ കുതികാല് വെട്ടാനും കാല് വാരാനും നെറികേട് കാണിക്കാനും മടിയില്ലാത്ത മക്കൾ വാഴുന്ന ഈ ഉലകത്തിൽ അധികമൊന്നും ആഗ്രഹിക്കാതിരിക്കാനുള്ള ക്ഷണമാണ് ക്രിസ്തുവിന്റേത്. അധികാരങ്ങൾ മനുഷ്യനെ മോഹിപ്പിച്ച നാൾ മുതൽ ഇന്നു വരെ ലോകം നെരിപ്പോടിലാണ്. സ്വാർത്ഥതകൾ നീറിപ്പുകയുന്ന നെരിപ്പോട്.

മൂന്നാമത്തെയിടം ഞാൻതന്നെയാണ്. ഞാൻ ആരാണെന്നും എന്താണെന്നും എളിമയോടെ ചിന്തിക്കാനും മനസ്സിലാക്കാനും ഉണർവ്വ് കാണിക്കാത്തവനൊക്കെ ഏറ്റവും എളുപ്പത്തിൽ തട്ടിവീഴുന്ന ഇടമാണ്. എല്ലാവരും ആരുടെയൊക്കെയോ മുമ്പിൽ സ്വയം തെളിയിക്കാനുള്ള തത്രപ്പാടിലാണ്. അത്രയൊന്നും വേണ്ടായെന്ന് ഓർമ്മപ്പെടുത്തുകയാണ് ദൈവം. ഞാൻ ആരെന്ന ധ്യാനത്തിൽ സ്വയം പ്രകാശിതനാകുമ്പോഴാണ്; വീഴ്ചയുടെ മൂന്നാമത്തെയിടം ദൈവകൃപയുടെ കൂടാരമായി മാറുക.

വീഴ്ചയുടെ മൂന്നിടങ്ങളേയും ജീവിതംകൊണ്ട് വിശുദ്ധീകരിക്കാൻ ക്രിസ്തു നിന്നെ ബലപ്പെടുത്തട്ടെ.

March 17th

വി. ലൂക്ക 9 28-36

മനുഷ്യന്റെ ആന്തരികതകൾ പരുവപ്പെടുത്തിയെടുക്കുന്നതാണ് രൂപാന്തരീകരണം. കുറേക്കൂടി ധന്യമായി ചിന്തിച്ചാൽ ഒരുക്കത്തിന്റെ ആത്മീയതയാണ് രൂപാന്തരീകരണം. ഉത്ഥിതനായ ക്രിസ്തുവിന്റെ ഒരു മുന്നാസ്വാദനമെന്നൊക്കെ വേണമെങ്കിൽ രൂപാന്തരീകരണത്തെ പറഞ്ഞുവയ്ക്കാം. ഒരു മനുഷ്യൻ അവന്റെ ജീവിതത്തിന്റെ അവസാനത്തെ, കൺമുന്നിൽ കണ്ട് ഒരുങ്ങുകയാണ്. ഒരു ധ്യാനം പോലെ. പിന്നീട് ക്രിസ്തുവിന്റെ ജീവിതവും പ്രവൃത്തികളും കുറേക്കൂടി തീക്ഷ്ണമാവുകയാണ്. ജീവിതത്തിന്റെ അവസാനനാളുകൾ എണ്ണിത്തിട്ടപ്പെടുത്തി കിട്ടിയ, മരണത്തെ മുന്നിൽ കണ്ടുകൊണ്ട് കഴിയുന്ന ഒരു മനുഷ്യൻ ഒടുവിലത്തെ ഉറക്കത്തിനായി ഒരുങ്ങുന്നതുപോ

ലെ... പിന്നീടങ്ങോട്ട് അവന് എല്ലാം പുതിയതായി തോന്നുന്നു. കാണാനുള്ളവരെയൊക്കെ കാണുന്നു. അവസാന നാളുകളെക്കുറിച്ചോരോർമ്മ. അത് അവനിൽ രൂപാന്തരീകരണത്തിന്റെ വിത്താണ്.

ആർഭാടങ്ങളിൽ ആനന്ദിക്കുന്ന ഒരു രാജകുമാരൻ. മഞ്ചലിൽ യാത്രയ്ക്കിടെ എതിരെ ചുമന്നുകൊണ്ട് വരുന്ന ശവമഞ്ചം അവന് അന്ത്യത്തെക്കുറിച്ചുള്ള ഉണർത്തുപാട്ടായി മാറുന്നു. അവിടെ സിദ്ധാർത്ഥൻ ഒടുങ്ങുന്നു. പിന്നീടുള്ള നാൾവഴികളെല്ലാം ബുദ്ധനിലേക്കുള്ള രൂപാന്തരീകരണമായിരുന്നു.

സമ്പത്തിനെക്കുറിച്ച് കേമത്തം പറയുന്നവരും കുടുംബമഹിമയെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും വീമ്പടിക്കുന്നവനുമൊക്കെ പള്ളിക്കുപുറത്ത് അഴിച്ചുമാറ്റുന്ന പാദരക്ഷകൾ സിമിത്തേരിക്കു മുന്നിലും ഊരിമാറ്റി, ഒരിക്കൽ ഉറങ്ങി അമരാനുള്ള ആ പച്ചമണ്ണിൽ ചവിട്ടിനിൽക്കുമ്പോൾ അതൊരു ഉണർത്തുപാട്ടാകണം. ആന്തരികതകളെ പരുവപ്പെടുത്തി ഒരുക്കത്തിന്റെ ആത്മീയതയിലേക്ക് ഉണർന്നെഴുന്നേൽക്കുവാനുള്ള ഓർമ്മപ്പെടുത്തൽ.

March 24th

വി. ലൂക്ക 13: 1-9

മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം-വിരോധാഭാസമാണ്. ആയിക്കൂടാൻ പാടില്ലാത്തതാണ്. എന്നിട്ടും അവൻ അതിനു സമ്മതിച്ചു. ഒന്നാലോചിച്ചാൽ ചില ജീവിതങ്ങളെ

ങ്കിലും അത്തിമരം കണക്കെ ഈ ഭൂമിയിൽ വേരോടിക്കുന്നുണ്ട്. അർഹതപ്പെടാത്ത അനുഗ്രഹങ്ങളും വിധിക്കപ്പെടാത്ത ആനുകൂല്യങ്ങളും തട്ടിപ്പറിച്ചു ജീവിക്കുന്നവർ. എന്നിട്ടും നന്മയുടെ ഉറവ പൊട്ടിയൊഴുകുന്നില്ലയെന്നതാണ് ഖേദം.

ചുവടു കിളക്കാൻ പോലും സന്നദ്ധരാകാത്ത ചില തോട്ടക്കാരെക്കുറിച്ചു പോലും ചിന്തിച്ച് ഖേദപ്പെടണം. 128-ാം സങ്കീർത്തനം മൂന്നാം വാക്യത്തിൽ കുടുംബമെന്ന തോട്ടത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുണ്ട്. മക്കളെന്ന ചെടിത്തൈകൾക്കു കീഴെ ചുവടു കിളച്ചു വളമിടേണ്ട തോട്ടക്കാരാണ് മാതാപിതാക്കൾ. എന്നിട്ടും എന്തുമാത്രം നിസ്സംഗതയാണ് അവരുടെയൊക്കെ മുഖത്ത്. ഇന്നായിരുന്നെങ്കിൽ തീർച്ചയായും ഫലംത രാത്ത വൃക്ഷത്തെക്കാളും ചുവടുകിളച്ചു വളമിടാത്ത തോട്ടക്കാരെയാകും ക്രിസ്തു കൂടുതൽ വിമർശിച്ചിട്ടുണ്ടാവുക. ശാസിക്കാതെയും ശിക്ഷണം നല്കാതെയും കുഞ്ഞുങ്ങളെ വഷളാക്കുന്ന മാതാപിതാക്കളാണ് മക്കളുടെ ഏറ്റവും വലിയ ദുരന്തം. തക്കസമയത്ത് തോട്ടക്കാരൻ ചുവടുകിളച്ചു വളം ചെയ്താൽ, സങ്കീർത്തകൻ പ്രഘോഷിക്കുംപോലെ നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾപോലെ ആയിരിക്കും. അല്ലാത്തപക്ഷം അത് എന്നും നിലം പാഴാക്കുന്ന അത്തിവൃക്ഷം കണക്കായിത്തീരും.

March 31st

.വി. ലൂക്ക 13: 1-9

ധൂർത്തപുത്രന്റെ ഉപമ എന്ന തലക്കെട്ടിനെക്കാളും ധൂർത്തനായ പിതാവിന്റെ ഉപമ എന്നു പറയുന്നതായിരിക്കും കൂടുതൾ ശരിയെന്ന് തോന്നുന്നു. കാര്യമായ ഉത്തരവാദിത്തങ്ങളൊന്നുമില്ലാതെ വെറുതെ നടന്ന് ജീവിതം ആസ്വദിക്കുന്നതിനിടയിലാണ് തന്റെ കൂടി അവകാശമായ സ്വത്തിനെക്കുറിച്ച് ഇളയമകൻ ചിന്തിച്ചത്. എല്ലാം കൈവശപ്പെടുത്തി ദൂരദേശത്തേക്ക് പോയി എന്നാണ് ബൈബിൾ ഭാഷ്യം. അപ്പന്റെ ലോകത്തിൽ നിന്ന് എന്റെ ലോകത്തിലേക്കുള്ള ദൂരമാണത്. ഇനി മുതൽ ജീവിതത്തിന്റെ ഭ്രമണപഥങ്ങളിൽ അപ്പനോ അപ്പന്റെ ഇഷ്ടങ്ങളോ ഇല്ല. എന്റെ അപ്പന്റെ... എന്റെ ദൈവത്തിന്റെ കൈവിരൽത്തുമ്പ് വിട്ട് എന്റെ ലോകത്തിന്റെ സ്വാർത്ഥതയിലേക്കുള്ള ദൂരത്തിന് സുവിശേഷം നല്കുന്ന പേരാണ് പാപം. ഒരു യഹൂദൻ ചിന്തിക്കാൻ പോലും അറക്കുന്ന നീചമായ ഒരു അവസ്ഥയിലേക്കാണ് ധൂർത്തപുത്രൻ എത്തിച്ചേരുക.

സ്വന്തം അസ്തിത്വം മറക്കുന്ന ഏതൊരു മനുഷ്യന്റെയും ജീവിതത്തിലെ അനിവാര്യമായ ദുരന്തമാണത്. ഒടുവിലത്തെ തിരിച്ചറിവ് അവനെ കൊണ്ടെത്തിക്കുക ധൂർത്തനായ ഒരു പിതാവിനെക്കുറിച്ചുള്ള ഓർമ്മകളിലേക്കാണ്. പണമോ പറമ്പോ അല്ല അയാളുടെ ഹൃദയത്തിലെ സ്നേഹംകൊണ്ട് ധൂർത്ത് നടത്തുന്ന ഒരു മനുഷ്യൻ. അങ്ങനെയൊരു മനുഷ്യനോട് ദൈവത്തിന് ഏറെക്കുറെ സാമ്യമുണ്ടെന്നത് സത്യമാണ്. അങ്ങനെയൊരു ധൂർത്തിന്റെ തിരുശേഷിപ്പായിരുന്നു കാൽവരിയിലെ കുരിശുമരം. ഇടറിപ്പോകുന്ന ഏതൊരു മനുഷ്യനും പിതാവിലേക്ക് തിരികെ എത്താം എന്നുള്ളതാണ് ഇന്നിന്റെ സുവിശേഷം.

അവധിക്കാലം - കുട്ടികളുടെ പ്രഘോഷണകാലം

ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽക്കാല അവധിയാണ്. കുട്ടികൾ ഏറെ പങ്കും ബന്ധുവീടുകളിൽ സന്ദർശനം നടത്തുവാനും കളി വിനോദങ്ങളിൽ ഏർപ്പെടുവാനും ഇഷ്ടപ്പെടുന്ന സമയം. എന്നാൽ ഇന്ന് കുട്ടികൾക്ക് ആനന്ദകരമായ അവധിക്കാലം അപ്രത്യക്ഷമാകുകയാണ്. അവധിക്കാല ക്ലാസ്സുകൾകൊണ്ട് പഠനത്തിന്റെ ലോകത്തിൽ കുട്ടികളെ തളച്ചിടുന്ന രീതിയാണ് കാണുന്നത്. പ്രകൃതിയിൽ വിളയുന്ന ഫലങ്ങൾ ഭക്ഷിച്ചും വിവിധയിനം കളികൾ കളിച്ചും ജീവിതത്തെ പ്രപഞ്ചത്തിന്റെ നെഞ്ചോടു ചേർത്തുവച്ച് ജീവിതത്തെ സുന്ദരമാക്കേണ്ട സമയമാണ് ഒഴിവുകാലം. പുസ്തകസഞ്ചിയുടെ ഭാണ്ഡക്കെട്ടുകൾ തെല്ലൊന്നു മാറ്റിവച്ച് പ്രകൃതിയാകുന്ന പുസ്തക താളുകൾ വായിച്ച് പഠിക്കാനുള്ള അവസരം. മാധ്യമങ്ങൾക്കടിപ്പെട്ടും ട്യൂഷൻ ക്ലാസ്സുകളിലുമായി സമയം ചെലവഴിക്കുമ്പോൾ മനസ്സിനു കുളിർമ്മയുള്ള നല്ല ഓർമ്മകൾ പ്രദാനം ചെയ്യുന്ന അവസരങ്ങൾ നഷ്ടമാകുന്നു. അവധിക്കാലം അസ്വസ്ഥത നിറക്കുന്ന തിരക്കുപിടിച്ച പഠനങ്ങളുടെ ദിനങ്ങളായി ഭവിക്കാതിരിക്കട്ടെ. സാക്ഷ്യത്തിലേക്കു നയിക്കുന്ന സുവിശേഷാധിഷ്ഠിത മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുവാൻ ഉതകുന്ന അവധിക്കാല പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. സുവിശേഷമൂല്യങ്ങൾ വളർത്തിയെടുത്തുകൊണ്ട് അവ പരിശീലിപ്പിക്കുവാനുള്ള നല്ലൊരവസരമാണ് ഒഴിവുകാലം.

കുട്ടികൾ നാളത്തെ വാഗ്ദാനങ്ങളാണ്. നല്ല നാളുകൾ സുന്ദരമാകുന്നത് ആനന്ദകരവും ആസ്വാദ്യകരവുമായ കുട്ടിക്കാലംകൊണ്ട് കുട്ടികളെ ആനന്ദത്തിൽ ആറാടിപ്പിക്കുമ്പോഴാണ്. കുട്ടികളെ പാഠപുസ്തകലോകത്തിൽനിന്ന് തല്ക്കാലം മാറ്റി ബന്ധങ്ങൾ ആഴപ്പെടുവാനും ലോകകാഴ്ചകൾ കാണാനും അനുവദിക്കുന്നത് ഏറെ നന്നായിരിക്കും. ശരീരത്തിനും മനസ്സിനും ആവശ്യമായ വിശ്രമം നല്കി കുട്ടികളെ ഈ കാലത്തെ ആരോഗ്യമുള്ള നല്ലൊരു ഭാവിയുടെ ചവിട്ടുപടികളാക്കാൻ മുതിർന്നവരായ നാം ശ്രദ്ധിക്കണം. കുട്ടികളുടെ ഓമനത്തം വളർത്തുന്ന ശാന്തമുഹൂർത്തങ്ങൾകൊണ്ട് ഹൃദയങ്ങൾ നിറക്കുന്ന അവസരമായി അവധിക്കാലം മാറിയാൽ വളർച്ചയുടെ വഴികളിൽ അത് വെളിച്ചം പകരും. ക്രിസ്തുനാഥൻ ശിശുക്കളെ അടുക്കൽ വിളിച്ച് അനുഗ്രഹിക്കുകയും അവരെപ്പോലെയുള്ളവർക്കാണ് ദൈവരാജ്യം എന്നു പറയുകയും ചെയ്യുന്ന സുവിശേഷഭാഗമാണ് നാം വായിച്ചത്. കുട്ടികളെ സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ക്രിസ്തുനാഥൻ കുട്ടികളുടെ നിഷ്കളങ്കതയാണ് നമുക്ക് മാതൃകയായി ഉയർത്തിക്കാട്ടുന്നത്. കുട്ടികളുടെ സമയം യന്ത്രങ്ങൾക്കും മൊബൈലുകൾക്കും അടിമപ്പെടുത്താതെ നന്മയിലധിഷ്ഠിതമായ യാഥാർത്ഥ്യബോധത്തോടെ അവരെ വളർത്തിയെടുക്കാൻ സഭ നമ്മെ ആഹ്വാനം ചെയ്യുന്നു. നല്ല രീതിയിൽ അവധിക്കാലം ചെലവഴിക്കാനും ആവശ്യത്തിനു വിശ്രമം ലഭിച്ച് പ്രപഞ്ചസ്നേഹത്തിൽ വളരാനും കുട്ടികൾക്ക് വരുന്ന അവധിക്കാലം ഇടയാകട്ടെയെന്നു നമുക്ക് ആശിക്കാം. കുട്ടികൾ നന്മ സ്വന്തമാക്കുവാനായി നന്മയിൽ കുട്ടികളെ വളർത്തുന്നതിൽ നമുക്ക് ബദ്ധശ്രദ്ധരാകാം.

ചർച്ച

അവധിക്കാലം കുട്ടികളിൽ നന്മയും സന്തോഷവും വളർത്തുന്ന രീതിയിൽ എങ്ങനെ പരിശീലിപ്പിക്കാനാകും? സുവിശേഷമൂല്യങ്ങൾ ആർജ്ജിച്ചെടുക്കുന്ന സമയമായി അവധിക്കാലം എങ്ങനെ മാറ്റിയെടുക്കാനാകും?

പ്രവർത്തനത്തിന്: അവധിക്കാലം നന്നായി ചെലവഴിച്ചുകൊണ്ട് എപ്രകാരം സുവിശേഷപ്രഘോഷണം നടത്താമെന്ന് പഠിപ്പിക്കുക. മാതാപിതാക്കളും മക്കളും ഒരുമിച്ച് അവധിക്കാലങ്ങളിൽ തീർത്ഥാടനങ്ങൾ നടത്താൻ പരിശ്രമിക്കുക. എല്ലാ ദിവസവും സന്ധ്യക്ക് ടിവിയും മൊബൈലും ഇന്റർനെറ്റും മാറ്റിവച്ച് ഒരുമിച്ചായിരിക്കുന്ന അവസരം ഉണ്ടാക്കുക.

ഏപ്രിൽ മാസവചനഭാഗം: നിയമാവർത്തനം17: 14-20

തേവര സെന്റ് ജോസഫ് ദൈവാലയത്തിൽ

സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ

2019 – ലെ കൊമ്പ്രേര്യ തിരുനാൾ

2019 മാർച്ച് 15 ന് കൊടി കയറി 19 നു സമാപിക്കുന്നു.

തിരുനാൾ ഒരുക്ക നവനാൾ നൊവേന മാർച്ച് 10 ന് ആരംഭിക്കുന്നു.
രാവിലെ 6.00 നും 7.00 നും പതിവുപോലെ ദിവ്യബലി
വൈകിട്ട് 5.30 ന് ദിവ്യബലി, നൊവേന, ആരാധന

മാർച്ച് 19 ന്
ഊട്ടുസദ്യ

തിരുനാൾ തിരുക്കർമ്മങ്ങൾ

മാർച്ച് 15 വെള്ളി

വൈകിട്ട് 5.30 ന് : കൊടികയറ്റം
ദിവ്യബലി, ലദീഞ്ഞ, നൊവേന, ആരാധന
മുഖ്യകാർമ്മികൻ : റവ. ഫാ. എബിജിൻ അറക്കൽ
വചനപ്രഘോഷണം : റവ. ഫാ. യേശുദാസ് പഴമ്പിള്ളി
ബലി ഒരുക്കം : ദർശന സമൂഹം

മാർച്ച് 16 ശനി

വൈകിട്ട് 5.30 ന് : ദിവ്യബലി, നൊവേന, ലദീഞ്ഞ, ആരാധന
മുഖ്യകാർമ്മികൻ : റവ. ഫാ. ടൈറ്റസ് കുരിശുവീട്ടിൽ
വചനപ്രഘോഷണം : റവ. ഫാ. ആന്റണി വിബിൻ ചൂതംപറമ്പിൽ
ബലി ഒരുക്കം : കേന്ദ്രസമിതി, യൂണിറ്റ് ലീഡേഴ്സ്

മാർച്ച് 17 ഞായർ

രാവിലെ 5.30നും
6.30നും : ദിവ്യബലി
വൈകിട്ട് 5.30 ന് : ദിവ്യബലി, നൊവേന, ലദീഞ്ഞ, ആരാധന
മുഖ്യകാർമ്മികൻ : അഭിവന്ദ്യ ഡോ. ഫ്രാൻസ്സീസ് കല്ലറക്കൽ
(ആർച്ചുബിഷപ്പ്, എമിരിത്തൂസ്)
വചനപ്രഘോഷണം : റവ. ഫാ. ജോസഫ് ആന്റണിപള്ളിപറമ്പിൽ
ബലി ഒരുക്കം : 2020 - ലെ പ്രസുദേന്തിമാരും
കുടുംബാംഗങ്ങളും

മാർച്ച് 18 തിങ്കൾ

വൈകിട്ട് 5.30 ന് : ദിവ്യബലി, നൊവേന, ലദീഞ്ഞ, ആരാധന
മുഖ്യകാർമ്മികൻ : റവ. മോൺ. ജോസഫ് പടിയാരംപറമ്പിൽ
വചനപ്രഘോഷണം : റവ. ഫാ. സിജു ജോസഫ് പാലിയത്തറ
ബലി ഒരുക്കം : ഈ വർഷത്തെ പ്രസുദേന്തിമാരുടെ
കുടുംബാംഗങ്ങൾ
തുടർന്ന് : പ്രദക്ഷിണം

മാർച്ച് 19 ചൊവ്വ **തിരുനാൾദിനം**

രാവിലെ 6.30 ന് : ദിവ്യബലി
9.30 ന് : തിരുനാൾ ദിവ്യബലി
മുഖ്യകാർമ്മികൻ : അഭിവന്ദ്യ ഡോ. ജോസഫ് കളത്തിപറമ്പിൽ
(വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത)
വചനപ്രഘോഷണം : റവ. ഫാ. സാബു കുമ്പുക്കൽ
ബലി ഒരുക്കം : പ്രസുദേന്തിമാർ
തുടർന്ന് : ഊട്ടുസദ്യ ആശീർവാദം
വൈകിട്ട് 5.30 ന് : സെന്റ് ആന്റണീസ് കപ്പേളയിൽ
ദിവ്യബലി നൊവേന, ആരാധന
തുടർന്ന് : തിരുനാൾ കൊടിയിറക്കം

ST. JOSEPH'S CHURCH & SHRINE OF ST. JUDE
Archdiocese of Verapoly, Roman Catholic Latin Church, Thevara, Kochi- 682 013
Phone : 0484 2663774, contact@st.judethevara.org, www.st.judethevara.org